# ലിറ്റിൽ മാസിക

158

2015 ജൂലൈ-ആഗസ്റ്റ്



**Copy Heart**

Copying is an act of love.
Love is not subjet to law.
Please copy and share it

**പകർപ്പിഷ്ടം**

ഇഷ്ടപ്പെടുന്നവരാണ്
പകർത്തുന്നത്. ഇഷ്ടത്തിന്
നിയമമില്ല.പകർത്തുക
പങ്കുവെക്കുക.
അതിനാൽ
ലിറ്റിൽ മാസികയുടെ
ഉള്ളടക്കം നിർലോഭം
എടുത്തുപയോഗിച്ചോളു..

**ലിറ്റിൽ മാസിക**

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

ലക്കം

**158**

**Copy Heart**

എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**

പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**ചന്ദ്രബാബു തൃക്കലങ്ങോട്**

സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്
**ജസീല**

ലേഔട്ട്
**ലിമാ ക്രിയേറ്റീവ്**

പ്രിന്റിംഗ്
**എ-വൺ ഓഫ്സെറ്റ്**
**രാമനാട്ടുകര**

കവറിലെ വര: പ്രതീഷ്

# രണ്ടു കവിതകൾ

ചന്ദ്രബാബു തൃക്കലങ്ങോട്

## വിത്ത്

മുളച്ചതും തളിരിട്ടതും
ആരെയും പേടിച്ചിട്ടല്ല
സൂര്യനെ പ്രണയിച്ചിട്ടുമല്ല
ഉണങ്ങിയ ശരീരത്തിലെ
ഒടുങ്ങാത്ത ആഗ്രഹം കൊണ്ടാണ്.

## വേരുകൾ

മുറിച്ചു മാറ്റപ്പെടുവോളം നിന്നെ
പിടിച്ചു നിർത്തിയിട്ടുണ്ടു മണ്ണിൽ
മുറിഞ്ഞു വീണതിൽ പിന്നെ-
മറഞ്ഞിരുന്നിട്ടുണ്ട് മണ്ണിൽ
വരും തലമുറക്കായൊരുവട്ടം
തളിർത്തു കാണിക്കുവാൻ മാത്രം



ബുദ്ധകഥകൾ

# ജലപാഠം

ബുദ്ധനും ശിഷ്യരും നടക്കുകയാണ്. ഏറെ നടന്നുകഴിഞ്ഞു. എല്ലാവരും തളർന്നു. വല്ലാത്ത വെയിൽ. ബുദ്ധൻ ആനന്ദനോട് വെള്ളം തേടി വരാനാവശ്യപ്പെട്ടു. വരുന്ന വഴിക്ക് ഒരു ചെറിയ അരുവിയിലെ തെളിഞ്ഞ ജലം ബുദ്ധൻ കണ്ടതാണ്. ആനന്ദൻ അത് ലക്ഷ്യമാക്കി നടന്നു. അവിടെയെത്തുമ്പോഴേക്കും ഒരു കാളവണ്ടി അരുവി മുറിച്ചുകടന്ന് മറുകരയിലേക്കു പോവുകയാണ്. വെള്ളം കലങ്ങി, ഇലകൾ പൊങ്ങിക്കിടക്കുന്നു. ആനന്ദൻ നിരാശയോടെ മടങ്ങി. ബുദ്ധൻ പറഞ്ഞു: "നീ വീണ്ടും ചെന്നുനോക്കുക. ജലത്തിന് തെളിയാതിരിക്കാനാവില്ല." ആനന്ദൻ അസ്വസ്ഥനായിരുന്നു. ഇനിയും അത്രയും ദൂരം നടക്കാനോ. അതും കലങ്ങിയ അരുവിയിലേക്കു തന്നെ. മറ്റെവിടെയെങ്കിലും വെള്ളമുണ്ടോ എന്നു നോക്കാം. ബുദ്ധൻ പക്ഷേ അതേയിടത്തേക്കു തന്നെ ആനന്ദനെ പറഞ്ഞയച്ചു. രണ്ടുനാഴിക നടന്ന് പഴയ അരുവിയിലെത്തുമ്പോൾ ഇലകളും മറ്റും താഴ്ന്നിരുന്നു. എങ്കിലും കുടിക്കാൻ തക്കവിധം തെളിഞ്ഞില്ല. അയാൾ ബുദ്ധന്റെ വചനങ്ങളോർമ്മിച്ചു. കാത്തിരിക്കുക. ആനന്ദൻ കാത്തിരുന്നു. ഓരോ നിമിഷങ്ങൾ കഴിയുന്നു. ഒടുവിൽ ജലം തെളിഞ്ഞ് സ്ഫടികം പോലെ തിളങ്ങി. വെള്ളം ശേഖരിച്ച് ബുദ്ധനിലേക്കു മടങ്ങുമ്പോൾ ആനന്ദൻ തന്റെ മനസ്സിനെ കുറിച്ചാണ് ആലോചിച്ചത്. അതിന്റെ കലക്കവും അവസാനിച്ചിരുന്നു. അതും ശാന്തമായിരിക്കുന്നു. സമയം അതിനെയും ശാന്തമാക്കിയിരിക്കുന്നു. ജലത്തിന് തെളിയാതിരിക്കാനാവുകയില്ല. മനസ്സിനുമതെ.



കളർ ഓഫ് പാരഡൈസിൽ നിന്നും ഒരു രംഗം

*പംക്തി ആരംഭിക്കുന്നു*

**കാഴ്ചയുടെ തീർത്ഥാടനങ്ങൾ**

**മമ്മദ്**

# പറുദീസയിലേക്കു തുറക്കുന്ന അകക്കണ്ണുകൾ


കണ്ണുള്ളതുകൊണ്ട് മാത്രം പറുദീസയുടെ വർണ്ണങ്ങൾ നമ്മൾ കാണുന്നുണ്ടോ എന്ന് അന്ധനും സ്കൂൾ വിദ്യാർത്ഥിയുമായ മുഹമ്മദ് എന്ന കഥാപാത്രത്തിലൂടെ പ്രേക്ഷകരോട് ചോദിക്കുന്ന മജീദ് മജീദിയുടെ കളർ ഓഫ് പാരഡൈസ് എന്ന സിനിമയിലെ ഒരു രംഗത്തെ മുൻനിർത്തി ചില ആലോചനകൾ..

എന്താവണം നല്ല ദൃശ്യങ്ങൾ എന്നും എങ്ങനെയാവണം നല്ല സിനിമയെന്നുമൊക്കെ സദാ വിചാരം കൊള്ളാറുള്ള ഏതൊരാൾക്കും അത്ഭുതം നൽകുന്ന ദൃശ്യസഞ്ചയം ഇറാനിയൻ സംവിധായകനായ മജീദ് മജീദിയുടെ 'കളർ ഓഫ് പാരഡൈസ്' സമ്മാനിക്കുന്നുണ്ട്. പ്രാഥമിക അർത്ഥത്തിൽ തന്നെ കാഴ്ചയുടെ കലയായ സിനിമ ഒരു അന്ധന്റെ വീക്ഷണകോണിൽ അവതരിപ്പിക്കുക എന്ന ഏറ്റവും ദുഷ്കരാവസ്ഥയെ തീർത്തും കലാപരമായി സിനിമയുടെ ആന്തരികാംശങ്ങളിലേക്ക് ആവാഹിച്ച് സംവിധായകൻ പ്രേക്ഷകരെ വിസ്മയിപ്പിക്കുന്നുണ്ട്. കണ്ണുള്ളതുകൊണ്ട് മാത്രം പറുദീസയുടെ വർണ്ണങ്ങൾ നമ്മൾ കാണുന്നുണ്ടോ എന്ന് അന്ധനും സ്കൂൾ വിദ്യാർത്ഥിയുമായ മുഹമ്മദ് എന്ന കഥാപാത്രത്തിലൂടെ പ്രേക്ഷകരോട് ചോദിക്കുന്നുണ്ട്.

സിനിമയുടെ തുടക്കത്തിലെ രംഗം ഈയർത്ഥത്തിൽ കാഴ്ച തുറപ്പിക്കുന്നതാണ്. അന്ധവിദ്യാർത്ഥികൾ മാത്രം പഠിക്കുന്ന സ്പെഷ്യൽ സ്കൂളിലാണ് മുഹമ്മദ്. അവധിക്ക് സ്കൂളടക്കുന്ന അന്ന് എല്ലാ കുട്ടികളെയും തേടി അവരുടെ രക്ഷിതാക്കൾ വരുന്നുണ്ട്. മുഹമ്മദിന്റെ പിതാവ് മാത്രം വൈകിയിട്ടും എത്തിയിട്ടില്ല. അവന്റെ അധ്യാപകൻ പിതാവിനെ വിളിക്കുന്നുണ്ട്. അദ്ദേഹം എത്തിക്കൊണ്ടിരിക്കുന്നുവെന്ന് പറയുന്നുണ്ട്. പിതാവ് വൈകുന്നതിന്റെ കാരണം അറിയാവുന്ന മുഹമ്മദിന്റെ അനാഥത്വബോധം സിനിമ ധ്വനിപ്പിക്കുന്നുണ്ട്.

ഇതിനിടയിൽ തന്റെ കർണങ്ങളിലൂടെ ലോകത്തെയും ജീവിതത്തെയും അനുഭവിക്കാറുള്ള മുഹമ്മദ് ചുറ്റുവട്ടങ്ങളിലെ ജീവിലോകത്തിന്റെ വിസ്മയ വൈവിധ്യങ്ങളിലേക്ക് ഊളിയിടുന്നുണ്ട്. കിളികൂജനങ്ങൾക്കിടയിൽ കൂട്ടിൽ നിന്നും താഴെ വീണ ഒരു കിളിക്കുഞ്ഞിന്റെ ശബ്ദം മുഹമ്മദിനെ കൊളുത്തിവലിക്കുന്നു. അവൻ ആ ഭാഗത്തേക്ക് സൂക്ഷ്മതയോടെ ചെവിയോർക്കുന്നു. താമസംവിനാ മുഹമ്മദ് എതിർവശത്തുനിന്നും ഒരു പൂച്ചയുടെ കരച്ചിൽ കേൾക്കുന്നു. ഇതേ സമയം തന്നെ, സ്കൂൾ കോമ്പൗണ്ടിന്റെ പിന്നിലൂടെ ഇതൊന്നും കാണാതെ അലസമായി നടന്നുപോകുന്ന വഴിപോക്കരുടെ വിദൂരദൃശ്യങ്ങളും സിനിമ അവതരിപ്പിക്കുന്നുണ്ട്. ഈ രണ്ട് ദൃശ്യങ്ങളെയും ചേർത്തുവെച്ച് മുഹമ്മദ് നിലത്തു നിന്നും ഒരു കല്ല് പരതിയെടുത്തു പൂച്ചയ്ക്കു നേരെയെറിഞ്ഞ് പൂച്ചയുടെ ഉദ്ദേശത്തെ തുരത്തുന്നുണ്ട്. പൂച്ച പേടിച്ചോടുന്നുണ്ട്.

തുടർന്ന് മുഹമ്മദ് ചെയ്യുന്നത് കാഴ്ചയുടെ ലോകത്തിനു നേരെയുള്ള ഏറ്റവും വലിയ വെല്ലുവിളി തന്നെയാണ്. കിളിക്കുഞ്ഞിന്റെ കരച്ചിൽ കാതോർത്ത്, നിലത്ത് കരിയിലകൾക്കിടയിൽ നിന്ന് പരതിപ്പരതി അതിനെ കണ്ടെത്തുന്നു. കാരുണ്യപൂർവ്വം അതിനെ തലോടി തന്റെ യൂണിഫോം പോക്കറ്റിൽ നിക്ഷേപിക്കുന്നു. വീണ്ടും മുകളിലേക്ക് കാതോർത്ത് കിളിക്കൂടുണ്ടാവാനിടയുള്ളയിടം ഊഹിച്ച്, മറ്റു കിളിക്കുഞ്ഞുങ്ങളുടെ കരച്ചിലിൽ അതുറപ്പിച്ച് ആ മരത്തിലേക്ക് വലിഞ്ഞുകയറാനാരംഭിക്കുന്നു. ഷൂവോ, അന്ധതയോ, താഴെയുള്ള ശാഖകളുടെ അഭാവമോ ഒന്നും ലക്ഷ്യത്തിൽ നിന്നും അവനെ പിന്തിരിപ്പിക്കുന്നതേയില്ല. മരത്തിലവൻ പാടുവെട്ടു വലിഞ്ഞുകയറി, കിളിക്കൂടിന്റെ സ്ഥാനം ചെവിയോർത്ത് ഉറപ്പിച്ച്, കിളിക്കൂട്ടിൽ വിരൽ നീട്ടി കിളിക്കുഞ്ഞുങ്ങളുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ച് താൻ ചെയ്യുന്ന പ്രവൃത്തിയുടെ സൗന്ദര്യം ആസ്വദിക്കുന്ന ഒരു പുഞ്ചിരിയിലൂടെ കിളിക്കുഞ്ഞിനെ കൂട്ടിൽ തിരിച്ചുവെക്കുന്നു. കൂട്ടിൽ തിരിച്ചെത്തിയ കിളിക്കുഞ്ഞിന്റേതടക്കമുള്ള സംഘകൂജനത്തിൽ മതിമറന്നു നിൽക്കുന്ന മുഹമ്മദിന്റെ ദൃശ്യം പ്രേക്ഷകരുടെ എല്ലാ ഉൾക്കാഴ്ചകളെയും ജ്ഞാനസ്നാനം ചെയ്യിക്കും. ജീവിതത്തിലെ കാഴ്ചാ മാലിന്യങ്ങളെയെല്ലാം കഴുകി വെടിപ്പാക്കുവാൻ ഇത്തരം നല്ല ദൃശ്യങ്ങൾക്കാവും. അതുതന്നെയാണല്ലോ ഒരു സിനിമയെ നല്ല സിനിമയാക്കുന്നതും. (*മമ്മദ് 9495511377*)



മജീദ് മജീദി

അനുഭവം



# എന്റെ ചിരട്ടകൾ കത്തിക്കൊണ്ടിരിക്കുന്നു

**അപ്പു മുട്ടറ**

യൂസ് എൻ ത്രോ യുടെ ഈ വാഴ്ചക്കാലത്ത് യുഗങ്ങളായി ഉപയോഗിച്ചു പോരുന്ന ഒരു ഉപകരണത്തെ എന്തു വിളിക്കും? അതിനെ കൈവിടാതെ കൊണ്ടു നടക്കുന്നയാളിനെ എന്തു വിളിക്കും? അറു പഴഞ്ചൻ എന്നല്ലേ?

1968 ലായിരിക്കണം. ഞാനന്ന് ഹൈസ്കൂളിലാണ്. ആത്മസുഹൃത്ത് രാഘവൻ പ്രീഡിഗ്രിക്ക് അകലെ കോളേജിലും. ആദ്യമായിട്ടാണ് ഞങ്ങൾ പിരിഞ്ഞിരിക്കുന്നത്. ഒരു തരം വിരഹവേദനയുടെ കാലം.

ഒരിക്കൽ നാട്ടിലേക്ക് വന്നപ്പോൾ കൂട്ടുകാരൻ എനിക്കൊരു സമ്മാനം തന്നു. ഒരു തേപ്പുപെട്ടി - ശരിക്കും ഓടുകൊണ്ടുള്ളത്. ലംപ്സംഗ്രാന്റ് കിട്ടിയപ്പോൾ എനിക്കു വേണ്ടി ഇഷ്ടൻ വാങ്ങിയതാണ്. അക്കാലത്ത് തേപ്പുപെട്ടി അപൂർവ്വം വീടുകളിലേയുണ്ടായിരുന്നുള്ളൂ. പ്രത്യേകിച്ചും ഗ്രാമങ്ങളിൽ. അത്ഭുതവും സന്തോഷവും കൊണ്ട് നിശബ്ദനായിപ്പോയ എന്നെ നോക്കി രാഘവൻ രസം പിടിച്ചങ്ങനെ നിന്നു.

ഇതിനെത്ര രൂപയായി? ഞാൻ ഞാൻ ചോദിച്ചു. ഇരുപത്തെട്ട് അയാൾ പറഞ്ഞു
എന്റമ്മോ ഇരുപത്തെട്ടോ ഞാൻ അന്തം വിട്ടു നിന്നത് വിലയുടെ വലിപ്പമോർത്തായിരുന്നില്ല. മറിച്ച് അയാൾക്ക് എന്നോടുള്ള ഇഷ്ടത്തിന്റെ വലിപ്പമോർത്തായിരുന്നു.

ഇനിയേതായാലും ഉടുപ്പൊക്കെ ഇസ്തിരിയിട്ട് ലേശം ഗമയിൽ നടക്കാമല്ലോ എന്നായിരുന്നു എന്റെ സന്തോഷം. കഥയവിടെ നിൽക്കട്ടെ.

ആയിരത്തി തൊള്ളായിരത്തി അറുപത്തിയെട്ടിൽ വാങ്ങിയ 28 രൂപയുടെ അതേ ഇസ്ത്രിപ്പെട്ടി കൊണ്ടു തന്നെയാണ് ഞാനും കുടുംബവും ഇന്നും വസ്ത്രങ്ങൾ ഇസ്തിരിയിടുന്നത്. എന്റെ വീട്ടുകാർ പലവട്ടം എന്നെ ഉപദേശിച്ചിട്ടുണ്ട്. കാലം മാറി. ഇനി ഇതു മാറ്റണം. ഒരു കറന്റു പെട്ടി വാങ്ങണം. എന്ന് കേൾക്കുമ്പോൾ അവനോടെനിക്ക് സഹതാപമേ തോന്നാറുള്ളൂ. എന്നാൽ, എന്റെ കരിപ്പെട്ടി ചരിഞ്ഞ മിഴിക്കോണുകൾ കൊണ്ടെന്നെ നോക്കി മൂക്ക് ചീറ്റുന്നതുപോലെ എനിക്കു തോന്നിയിട്ടുണ്ട്.

ഞാനിപ്പോഴും സ്വന്തം ഡ്യൂട്ടി കൃത്യമായും നിർവ്വഹിക്കുന്നുണ്ടല്ലോ? പിന്നെ എന്തിനാണെന്നെ ഉപേക്ഷിക്കുന്നത് എന്ന് ചിണുങ്ങുന്നതുപോലെയും ഞാനപ്പോഴൊക്കെ കൊച്ചൊരു കുസൃതിച്ചിരിയോടെ എന്റെ കരിപ്പെട്ടിയുടെ ഹാൻഡിലിന്മേൽ സ്നേഹമസൃണമായി തലോടിക്കൊടുക്കും. ആ തലോടൽ എന്റെ ബാല്യകാല സഖാവായ രാഘവൻ മാഷിന്റെ ഹൃദയത്തിന്മേൽ പതിഞ്ഞിട്ടുണ്ടായിരിക്കണം.

എന്റെ ചിരട്ടപ്പെട്ടിയുടെ തടിപ്പിടി ഒരിക്കൽ ഒരു വശം പൊട്ടിപ്പിളർന്നു. ഞാൻ തന്നെ ഒരു പാലക്കമ്പ് ചെത്തിയൊരുക്കി പകരമിട്ടു പുതുക്കി. പണ്ട് എന്റെ അമ്മ പുത്തൻ കസവു നേര്യതിട്ടുകൊണ്ട് ഞങ്ങളെ നോക്കി മന്ദസ്മിതം തൂകാറുള്ളതാണ് എനിക്കപ്പോൾ ഓർമ്മ വന്നത്. നാലു വർഷം മുമ്പ് ആ കൈപ്പിടിയും ചീത്തയായി. അത് ഉറപ്പിച്ചിരുന്ന രണ്ട് ലോഹ ഹോൾഡറുകളും ഉലഞ്ഞാടി. അത് ബ്രാസ്സ് വെൽഡ് ചെയ്യിച്ച് ഞാനൊരു പുത്തൻ പിടിയിട്ട് മിനുക്കിയെടുത്തു. നാൽപ്പത്തിയാറ് വർഷത്തെ മഹത്തായ സേവനത്തിനുശേഷവും കക്ഷി അക്ഷീണം ഞങ്ങളോടൊപ്പം സസുഖം വാഴുന്നു.


ഒരിക്കലും എനിക്ക് ഒരു എലക്ട്രിക്ക് അയേൺ ബോക്സിനെ കിനാവ് കാണേണ്ടി വന്നിട്ടില്ല. ഞാനൊരു പഴഞ്ചനായിരിക്കുന്നതുകൊണ്ടാണോ പുതുമുറക്കാരുടെ യന്ത്രഭ്രാന്ത് എന്നെ അടിപ്പെടുത്താത്തുകൊണ്ടോ എന്നത് വായനക്കാർ മനസ്സിലാക്കട്ടെ. എന്റെ ഇസ്തിരിപ്പെട്ടി സ്വധർമ്മാനുഷ്ഠാനം കൃത്യമായും നിറവേറ്റിക്കൊണ്ടിരിക്കുമ്പോൾ അതിനെ പൊതുവഴിയോരത്ത് വലിച്ചെറിയുന്നത് പരമ വിഡ്ഢിത്തമാകുമെന്ന് ഞാനുറച്ചു വിശ്വസിക്കുന്നു.

തേങ്ങയുപയോഗിക്കാത്ത വീടുണ്ടാവില്ല. പക്ഷേ, പലരും ചിരട്ടയെ വലിച്ചെറിയുകയാണല്ലോ? അവയിൽ രണ്ടെണ്ണമെടുത്ത് തീപ്പിടിപ്പിക്കാനുള്ള മനസ്സുകേടിന്നപ്പുറം മറ്റൊന്നുമല്ല ചിരട്ടക്കരിപ്പെട്ടിയെ ഉപേക്ഷിച്ചതിന്റെ പിന്നിലെ വികാരം. ഞാനോ? എന്റെ പെട്ടിയോടു കാട്ടുന്ന അതേ വികാരം ചിരട്ടയോടും കാട്ടുന്നുണ്ട്. അതിന്റെ യൂസ് മി പ്ലീസ് എന്ന വിളിച്ചപേക്ഷ കേൾക്കാനുള്ള കരുത്ത് നമുക്കെല്ലാമുണ്ടായിരുന്നെങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞേനെ.

മാതാപിതാക്കളെയും ഒരു സഹോദരനെയും അവരുടെ അവശകാലത്ത് ശുശ്രൂഷിക്കാൻ എനിക്ക് നിയോഗം ലഭിച്ചിരുന്നു. അവരുടെ അന്ത്യം വരെ ആവോളം അത് തുടർന്നു. പിന്നെ പിടിച്ചാൽ കിട്ടാതെ വന്നപ്പോൾ വിധിക്കു വിട്ടു കൊടുത്തുകൊണ്ട് തൊഴുതു പിൻവാങ്ങി. എന്റെ കൗമാരം മുതൽ എന്നെ സേവിക്കുന്ന ഇസ്തിരിപ്പെട്ടിയോടും ഇതേ മാനവികത പുലർത്തുന്നതാണ് എന്റെ നീതിയും രീതിശാസ്ത്രവും. അവസാനത്തെ ആക്രിക്കച്ചവടക്കാരന്റെ മുന്നിലും അടിയറവ് പറയാൻ വിസമ്മതിക്കുന്ന എന്റെ ഈ മനസ്സ് പഴഞ്ചനാണെന്ന് തോന്നുന്നുണ്ടോ?

**വിളിക്കാം: ഫോൺ–9809679682**

*തേങ്ങയുപയോഗിക്കാത്ത വീടുണ്ടാവില്ല. പക്ഷേ, പലരും ചിരട്ടയെ വലിച്ചെറിയുകയാണല്ലോ? അവയിൽ രണ്ടെണ്ണമെടുത്ത് തീപ്പിടിപ്പിക്കാനുള്ള മനസ്സുകേടിന്നപ്പുറം മറ്റൊന്നുമല്ല ചിരട്ടക്കരിപ്പെട്ടിയെ ഉപേക്ഷിച്ചതിന്റെ പിന്നിലെ വികാരം. എന്റെ പെട്ടിയോടു കാട്ടുന്ന അതേ വികാരം ചിരട്ടയോടും കാട്ടുന്നുണ്ട്. അതിന്റെ യൂസ് മി പ്ലീസ് എന്ന വിളിച്ചപേക്ഷ കേൾക്കാനുള്ള കരുത്ത് നമുക്കെല്ലാമുണ്ടായിരുന്നെങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞേനെ..*



## *നമ്മുടെ കുട്ടികൾ അവരുടെ സ്വപ്നങ്ങൾ*

*എന്ന ലേഖനത്തിന് ഒരു പ്രതികരണം*

ലിറ്റിൽ മാസിക (ജൂൺ ലക്കം) യിലെ മുഖലേഖനം നമ്മുടെ കുട്ടികൾ അവരുടെ സ്വപ്നങ്ങൾ വായിച്ചു.

"എനിക്ക് കുറച്ച് കുറുമ്പുണ്ടെന്നാണ് എല്ലാവരും പറയുന്നത്. എന്റെ വീട്ടിൽ ഒരു ഉണ്ണിയുണ്ട്, അതുകൊണ്ട് ശല്ല്യമാവേണ്ട എന്നു വെച്ച് പോന്നതാ". എന്തിനാണ് അംഗൻവാടിയിലേക്ക് വന്നതെന്ന് ഒരു ദിവസം അവിടുത്തെ ടീച്ചർ ചോദിച്ചപ്പോൾ മൂന്ന് വയസ്സുള്ള എന്റെ പേരക്കുട്ടി അൽന റോസ് പറഞ്ഞ മറുപടിയാണ് മുകളിൽ ഉദ്ധരിച്ചിട്ടുള്ളത്.

വ്യവസായ വിപ്ലവത്തെ തുടർന്ന് തൊഴിലിടം വീട്ടിൽ നിന്ന് ഫാക്ടറിയിലേക്ക് പറിച്ചു നട്ടപ്പോൾ കുട്ടികളെ പരിപാലിക്കാൻ ആളില്ലാത്ത ദുരവസ്ഥ വന്നു ചേർന്നു. (വ്യവസായ വിപ്ലവത്തിന്റെ ആദ്യ ദശകങ്ങളിൽ സ്ത്രീകൾക്ക് രാത്രി കാലങ്ങളിലും ഫാക്ടറികളിൽ ജോലി ഉണ്ടായിരുന്നു. തൊഴിലാളി സംഘടനകളും മറ്റും ശക്തി പ്രാപിച്ചപ്പോഴാണ് സ്ത്രീകളുടെ രാത്രി പ്പണി ഒഴിവായത്) കുട്ടികളുടെ ശല്യം ഒഴിവാക്കാനാ യാണ് ഇന്നു നാം കാണുന്ന വ്യവസ്ഥാപിതമായ സ്കൂളുകളും മറ്റും നിലവിൽ വന്നത്. ഇന്നും ഈ അവസ്ഥക്ക് കാതലായ മാറ്റമൊന്നും വന്നിട്ടില്ലെന്ന് അൽന റോസിന്റെ വാക്കുകൾ സാക്ഷ്യപ്പെടുത്തുന്നു.

പക്ഷെ, ഈ സ്കൂൾ കുട്ടികൾക്ക് വല്ലാത്ത ശല്യമായി മാറി. അതിന്റെ തെളിവാണ് കുട്ടികൾ സ്കൂളിലേക്ക് നടന്നു വരുന്നതും മടങ്ങി പോകുമ്പോൾ ഓടി പോകുന്നതും. സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഒരു ലേഖനം ഈയിടെ കാണുകയുണ്ടായി. 'സ്കൂൾ ഈസ് പ്രിസൺ' എന്നാണ് ഈ ലേഖനത്തിന്റെ തലക്കെട്ട്. അതെ, എല്ലാ അർത്ഥത്തിലും സ്കൂൾ ഒരു തടവറയായി മാറിക്കൊണ്ടിരിക്കുന്നു. 'ഒരു സ്കൂൾ തുറക്കുമ്പോൾ ഒരു ജയിൽ അടക്കുന്നു' എന്നു പറഞ്ഞ വിക്ടർ ഹ്യൂഗോ ഇന്നത്തെ സ്കൂളുകൾ കണ്ടാൽ 'ഒരു സ്കൂൾ തുറക്കുമ്പോൾ ഒരു ജയിൽ തുറക്കുന്നു' എന്ന് മാറ്റി പറയാനിടയുണ്ട്. (യഥാർത്ഥ ജയിലിനെക്കുറിച്ചല്ല വിക്ടർ ഹ്യൂഗോ പറയുന്നത്; സ്വയം തീർക്കുന്ന ജയിലിനെക്കുറിച്ചാണ്)

സ്നേഹപൂർവ്വം

-ടി. ഐ ലാലു

വീട് വെക്കുമ്പോൾ പൂജാമുറി, വായനാമുറി എന്നൊക്കെ പറയുന്നതുപോലെ മരുന്നുകൾ വെക്കാൻ പ്രത്യേക ഇടമോ റാക്കോ വേണമെന്ന് പറഞ്ഞ് തുടങ്ങിയിരിക്കുന്നു.

**-എഞ്ചിനീയർ ജോണി തോമസ്**

ഇരുപത് വർഷമായി പബ്ലിക് ടോയ്ലറ്റ് നടത്തിപ്പു കാരനാണ് ഞാൻ. മനുഷ്യന്റെ പല പ്രശ്നങ്ങൾക്കും കാരണം നല്ല വിരേചന ഇല്ലാത്തതാണ് എന്ന് പല പ്പോഴും തോന്നാറുണ്ട്. പുതിയ ഭക്ഷണരീതിയും ജീവിതരീതിയും മനുഷ്യരിൽ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ അറിയാൻ കുറച്ചുനേരം പബ്ലിക് ടോയ്ല റ്റിൽ ശ്രദ്ധിച്ചാൽ മതി.

**-യൂസുഫ് താളിക്കൽ: പേ ആന്റ് യൂസ്**

**ടോയ്ലറ്റ് നടത്തിപ്പുകാരൻ**


ടൗണിലെ ബസ് സ്റ്റോപ്പിൽ നിൽക്കുമ്പോഴാണ് കണ്ടത്. മദ്ധ്യവയസ്കനായ ഒരാൾ ഒറ്റയ്ക്കു നിൽക്കുന്ന ഒരു വിദ്യർത്ഥിനിയെ മോശമായ രീതി യിൽ തുറിച്ച് നോക്കുകയാണ്. ധാർമ്മികരോഷം എന്നിൽ തിളച്ചുമറിഞ്ഞു. ഞാൻ ചെന്ന് ആ മനുഷ്യ നോട് പറഞ്ഞു. "മകളുടെ പ്രായമുള്ള ഒരു കുട്ടിയെ ഇങ്ങനെ ശല്യപ്പെടുത്താമോ.." പെട്ടെന്ന് ആ മനു ഷ്യൻ ദേഷ്യത്തോടെ എന്റെ നേരെ മുരണ്ടു. "ഞാൻ നോക്കുന്നതുകൊണ്ട് നിനക്കെന്താ.. നിനക്കു വേണ മെങ്കിൽ നീയും നോക്കിക്കോ..." ശാരീരികമായി പരി മിതിയുള്ളവനായതുകൊണ്ട് ഞാൻ പതുക്കെ പിൻവാങ്ങി. എന്തായാലും സംഗതി ചുറ്റുമുള്ളവർ ശ്രദ്ധിച്ചു. ആ കിരാതൻ തലയൂരി പെൺകുട്ടി ആശ്വാ സത്തോടെ നെടുവീർപ്പിട്ടു.

**-നൗഷാദ് ചാത്തല്ലൂർ,**

**സാമൂഹിക പ്രവർത്തകൻ**

*പറഞ്ഞതുംകേട്ടതും നേരനുഭവങ്ങളും..*
*നിങ്ങൾക്കും എഴുതാം...*

*-എഡിറ്റർ*



*തീറ്റാൻ വേണ്ടി വയൽക്കരയിൽ പശുവിനെവയൽക്കരയിൽ കെട്ടിയിട്ടതാണ്.കുറച്ചകലെയായി ഒരു കാള്യെയും കെട്ടിയിരുന്നു.അകലെ നിന്നുകൊണ്ട് അവർ പ്രണയം കൈമാറിയിരുന്നിരിക്കണം. പലതും മൗനമായി പറഞ്ഞിരിക്കണം. ഒരുപക്ഷേ ഇതിനുമുമ്പും അവർ കണ്ടുമുട്ടിയിട്ടുണ്ടാകണം. എന്തായാലും ആ രാത്രിയിൽ പ്രണയാതുരനായ കമിതാവ് കയറുപൊട്ടിച്ച് ഇരുട്ടിലൂടെ ദൂരം താണ്ടി പ്രണയിനിയെ തേടി വന്നു...*

# കഥയാവാൻ കഴിയാത്ത നേരുകൾ!

**അക്കു**

ഇതൊരു കഥയല്ല. പച്ചയായ സംഭവം. വേണമെങ്കിൽ പൊടിപ്പും തൊങ്ങലും ചേർത്ത് കഥയാക്കി മാറ്റാവുന്നത്. പക്ഷേ... ഇത് ഇങ്ങനെ പറയാനാണ് എനിക്കിഷ്ടം! അല്ലെങ്കിലും കഥയും നേരും ഏതു അതിർവരമ്പു കൊണ്ടാണ് വേർതിരിക്കുന്നത്?

അയൽപക്കത്തെ കർഷക ദമ്പതികളുടെ പ്രധാന വരുമാനം പശുവായിരുന്നു. പെൺമക്കളെയെല്ലാം കെട്ടിച്ചയച്ച് ഒരു കൊച്ചുവീട്ടിൽ കൃഷിയും പശുവുമായി ജീവിക്കുന്നവർ. കുടുംബനാഥൻ വയലിൽ വാഴയും കപ്പയും നെല്ലുമൊക്കെ ഉണ്ടാക്കും. ഞങ്ങൾ അദ്ദേഹത്തെ വാപ്പ എന്നാണ് വിളിക്കുക. ഉമ്മയാണ് പശുവിന്റെ രക്ഷാധികാരി. അയൽപക്ക വീടുകളിലെല്ലാം നടന്ന് കഞ്ഞിവെള്ളം ശേഖരിച്ച്, പുല്ലരിഞ്ഞ് കൊണ്ടുവന്ന് പശുവിനെ തീറ്റി, അതിന്റെ പാൽ കറന്നെടുത്ത് വീടുകളിൽ കൊടുത്ത്..... അങ്ങനെയങ്ങനെ ഉമ്മ എപ്പോഴും തിരക്കിലായിരിക്കും. ഈ പരിസരത്ത് മറ്റാർക്കും പശുവില്ല. അതുകൊണ്ട് ഞങ്ങളൊക്കെ പാലിനുപുറമെ പച്ചക്കറികൾക്കും ചെടികൾക്കുമിടാൻ ചാണകവും ശേഖരിക്കുന്നത് ഇവിടെ നിന്ന്.

ഇത്രയും നേർക്കഥയുടെ പശ്ചാത്തലം. പറയാൻ പോകുന്ന 'കഥ'യുടെ കേന്ദ്രകഥാപാത്രം വാപ്പയോ ഉമ്മയോ അല്ല! പശുവാണ്!

ഒരു ദിവസം പാതിരാക്കാണ്. പശുവിന്റെ കരച്ചിൽ! കരച്ചിലെന്നല്ല പറയേണ്ടത്. അമറൽ! ഉറക്കത്തിൽ കേട്ട് ഞാനുണർന്നതാണ്. ഇങ്ങനെ മുമ്പൊരിക്കൽ പശു കിടന്ന് അമറുമ്പോൾ ഉമ്മ ചിരിയോടെ പറയുന്നത് കേട്ടിട്ടുണ്ട്. "ഓളെ നെലോളി എന്തിനാണെന്ന് ഞമ്മക്കറിയാ... പണ്ടൊക്കാണെങ്കിൽ ചവിട്ടിക്കാൻ കൊണ്ടോകും. ഇനിപ്പോ മൃഗാസ്പത്രീക്ക് കൊണ്ടോയി കുത്തിവെപ്പിക്കണം!"

അതെ! ഈ അമറൽ അതിന്റെ ജന്മചോദനയുടെ നിലവിളിയാണ്. ഇണ ചേരാനുള്ള ദാഹമാണ്. അതിൽ ദയനീയമായൊരു ഇടർച്ചയുണ്ട്! പാവം പശു!

അത് രണ്ടുമൂന്നു തവണ കൂടി നീട്ടിക്കരഞ്ഞ് നിഷ്ഫലമോഹമെന്ന് തിരിച്ചറിഞ്ഞാകണം പിന്നെ നിശ്ശബ്ദമായി. രാത്രിയുടെ പാതിവഴിയിൽ മുറിഞ്ഞുപോയ ഉറക്കം കണ്ണിചേർക്കാൻ ശ്രമിച്ച് ചിന്താകുലമായി ഞാനും!

ഞാൻ വീണ്ടും ഉറക്കം പിടിച്ചുവന്നതാണ്. വലിയ ആർപ്പും വിളിയും കേട്ടാണ് ഉണർന്നത്. അയൽപക്കത്തെ വീട്ടിൽ നിന്നാണ്! ചുറ്റുവട്ടത്തെ വീട്ടുകാരെല്ലാവരും കൂടിയിട്ടുണ്ട്. ബഹളം പശുത്തൊഴുത്തിന്റെ ഭാഗത്തുനിന്നാണ്. ഞാൻ ഓടിച്ചെന്നു. ചിലരുടെയെല്ലാം കയ്യിൽ വടികളുണ്ട്. തൊഴുത്ത് വളഞ്ഞിരിക്കുകയാണവർ. നോക്കുമ്പോഴുണ്ട് തൊഴുത്തിലെ ഇരുട്ടിൽ പശുവിനോടൊപ്പം ഒരു കാളയും! കാള പശുവിനെ തൊട്ടുരുമ്മിക്കൊണ്ടു നിൽക്കുന്നു. ആളുകൾ കാളയെ ഓടിക്കാൻ ശ്രമിക്കുമ്പോൾ... കാളയും പശുവും വെകിളി പിടിച്ച് ആക്രമിക്കാനൊരുങ്ങിനിൽക്കുന്നു. ഉമ്മ കരയുന്നുണ്ട്. "മക്കളേ എവിടെന്നോ വന്ന കാളയാണ്ത്... ഈ നട്ടപ്പാതിര നേരത്ത് ഇന്റെ പശുവിന്റെയടുത്തേക്ക് ഒരുങ്ങി വന്നിരിക്കുന്നതാ ഓൻ!"

ആരോ പറയുന്നതു കേട്ടു. "മനസ്സിലായി.. ഈ കാള ചില്ലറക്കാരനല്ല, ജഗജില്ലിയാണ്! ഇത് തോട്ടിന്റക്കരെയുള്ള വീട്ടിലത്തേതാ... കയറും പൊട്ടിച്ചു വന്നതാ.. ഒരു ദിവസം ഇന്നെ ഓടിച്ചതാ ഇവൻ!"

തൊഴുത്തിന്റെ അരികിലേക്ക് വടിയുമായി കയറിയവർ കാളയെ പൊതിരെ തല്ലി. അവനാകട്ടെ രണ്ടുകാലും പൊക്കി പശുവിന്റെ പുറത്തേക്ക് ചേർന്നമരുകയാണ്. തല്ലുകൂടുന്തോറും കാളയ്ക്ക് വീറും വാശിയും കൂടും പോലെ. ഒരടി പശുവിന്റെ പുറത്തും കിട്ടിയതോടെ പശുവൊന്നു പിടഞ്ഞു. അതോടെ കാള ഒന്നകന്നു. ആരോ കാളയുടെ മൂക്കയറിനു പിടിച്ചു. ആഞ്ഞുവലിച്ച് ശക്തമായി പ്രഹരിച്ച് കാളക്കുറ്റനെ തൊഴുത്തിന് പുറത്താക്കി. അവൻ നിസ്സഹായമായ ഒരു അമറലോടെ റോഡിലെ ഇരുട്ടിലേക്ക് ഓടിമറഞ്ഞു.

സംഭവിച്ചതെന്താണ്? പിറ്റേന്നു രാവിലെ ഉമ്മയെ കണ്ടപ്പോഴാണ് എനിക്ക് കാര്യങ്ങൾ വ്യക്തമായത്. തീറ്റാൻ വേണ്ടി കഴിഞ്ഞ ദിവസം ഉമ്മ പശുവിനെ വയൽക്കരയിൽ കൊണ്ടുപോയി കെട്ടിയിരുന്നു. കുറച്ചകലെയായി ഈ കാളയും കുറ്റിയിൽ കെട്ടിയിടപ്പെട്ട് ഉണ്ടായിരുന്നുവത്രെ!

ഞാൻ ഞെട്ടലോടെ അറിഞ്ഞു. മറ്റൊന്നുമല്ല. സഹജമായ ജൈവകാമന! അകലെ നിന്നുകൊണ്ട് അവർ പ്രണയം കൈമാറിയിരുന്നിരിക്കണം. പലതും മൗനമായി പറഞ്ഞിരിക്കണം. ഒരുപക്ഷേ ഇതിനുമുമ്പും അവർ കണ്ടുമുട്ടിയിട്ടുണ്ടാകണം. എന്തായാലും ആ രാത്രിയിൽ പ്രണയാതുരനായ കമിതാവ് കയറുപൊട്ടിച്ച് ഇരുട്ടിലൂടെ അത്രയും ദൂരം താണ്ടി പ്രണയിനിയെ തേടി വന്നതാണ്. ആ കാത്തിരിപ്പിന്റെ വിഹ്വലതയിലുള്ള അവളുടെ നിലവിളി അവൻ കേട്ടുകാണും. അവളിലേക്കെത്താനുള്ള വഴി അവൻ എങ്ങനെയായിരിക്കും കണ്ടുപിടിച്ചിട്ടുണ്ടാവുക? എത്ര സാഹസികമായാണ് അവനെത്തിയത്! പക്ഷേ ക്രൂരരായ മനുഷ്യർ അവരുടെ സ്നേഹസംഗമത്തെ തകർത്തുകളഞ്ഞു.

ഉമ്മ പറയുന്നു. "മൃഗാസ്പത്രീ കൊണ്ടുപോയി കുത്തിവെപ്പിക്കണം!"

സ്വാർത്ഥ കേന്ദ്രീകൃതമായ, നീചവും നികൃഷ്ടവുമായ നിയമങ്ങൾ സൃഷ്ടിച്ച് ഈ പാവം ജീവികളുടെ ജന്മാവകാശത്തെ തകർത്തവരാണ് മനുഷ്യർ! കാളയെ വളർത്തി പശുക്കൾക്ക് ഇണ ചേരാൻ അവസരമൊരുക്കുന്നത് ഇന്ന് ക്രിമിനൽ കുറ്റമാണ്. മനുഷ്യന്റെ ഈ ക്രൂരനിയമത്തെ ഭേദിക്കാനുള്ള ആ പാവങ്ങളുടെ ചെറുത്തുനിൽപ്പാണ് ആ രാത്രിയിൽ തകർന്നുപോയത് എന്നറിയുമ്പോൾ കണ്ടുനിന്ന എന്റെ ഉള്ളം കുറ്റബോധം കൊണ്ടു നിറയുന്നു.

ശേഷം: അയൽപക്കത്തെ വാപ്പ ഈയടുത്ത് മരിച്ചു. ഉമ്മയും പശുവും ബാക്കിയായി. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഉമ്മ തനിച്ചായി. പശുവിന് എന്തുപറ്റി? ഈ നേർക്കഥയും പറയണമോ....? അടുത്ത ലക്കത്തിൽ...

*ലേഖകനെ വിളിക്കാം. ഫോൺ: 8547300532*

*സത്യത്തിൽ ഈ ലോകത്ത് വളരെ കുറച്ച് ആളുകളേ ഉള്ളൂ എന്ന് തോന്നാറുണ്ട്. പല സ്ഥലങ്ങളിൽ പല കാലത്ത് നാം വീണ്ടും വീണ്ടും കാണുന്നത് ഒരേ ആളുകളെ തന്നെയല്ലേ...? ഇതാ അത്തരം ഒരാൾ..*

# കാരിയേട്ടൻ

**സുർജിത് സരോവരം**

ഒരാളെ പോലെ എത്ര പേരുണ്ട്? ഏഴ് പേരെന്ന് പറയും ചിലർ. അതിനുമെത്രയോ അധികമുണ്ടെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഞാൻ കണ്ടിട്ടുണ്ട്. ഒരേയാളെ, പല സമയത്ത്, പല സ്ഥലങ്ങളിൽ. എന്റെ നാട്ടിലെ കാരിയേട്ടനെ ഞാൻ പോയ പല നാടുകളിൽ, പല സമയത്ത് കണ്ടിട്ടുണ്ട്.

ഞാൻ കാണുന്ന കാലം തൊട്ടേ അദ്ദേഹത്തിന്റെ മുതുക് വളഞ്ഞിട്ടാണ്. പാടത്ത് പൂട്ടലായിരുന്നു മൂപ്പരുടെ ജോലി. നുകം പിടിച്ച് വളഞ്ഞതാണ് ആ മുതുകെന്ന് പറഞ്ഞു തന്നിട്ടുണ്ട് പലരും പക്ഷേ അല്ല, ഒരുപാടു പേരുടെ മുന്നിൽ ഒരുപാടുകാലം കുനിഞ്ഞ് കുനിഞ്ഞാണ് ആ നട്ടെല്ല് വളഞ്ഞത്. കാരിയേട്ടന്റെ അമ്മയെ ഞാൻ കണ്ടിട്ടുണ്ട്. മരിക്കുന്ന കാലത്ത് വളഞ്ഞ് ഒരു റ പോലെ ആയിട്ടുണ്ടായിരുന്നു പാവം. നിവരാൻ മറന്നുപോയതാണ് പണ്ടെങ്ങോ. അതുകൊണ്ടാണ് അവർ കുനിഞ്ഞു നടക്കുന്നത്.

എന്റെ അച്ഛന്റെ മൂത്ത ചേച്ചിയേക്കാൾ പ്രായമുണ്ട് കാരിയേട്ടന്. അച്ഛനടക്കം എല്ലാവരെയും പേരെടുത്ത് തന്നെയാണ് കാരിയേട്ടൻ വിളിക്കാറുള്ളത്. പക്ഷേ പ്രായക്കൂടുതലുള്ള കാരിയേട്ടനെ അച്ഛൻ തിരിച്ചും പേരു വിളിക്കുന്നത് എന്നെ കുട്ടിക്കാലത്തേ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഒരിക്കൽ അമ്മയോടു ചോദിച്ചിട്ടുണ്ട് ഞാൻ. പക്ഷേ അവർക്കത് ഇനിയും മാറ്റാൻ കഴിഞ്ഞിട്ടില്ല. കാലം, സമൂഹം അത്ര ശക്തിയുള്ള മഷികൊണ്ടാണ് ചിലതെല്ലാം മനസ്സിൽ എഴുതിവെക്കുക. എത്ര ശ്രമിച്ചാലും മാറ്റാൻ പറ്റാത്ത ചിലത്. കാരിയേട്ടൻ ഞങ്ങളുടെ കുടുംബത്തിലെ ഒരംഗം തന്നെയായിരുന്നതിനാൽ ഞങ്ങൾ കുട്ടികളുടെ തലമുറയാരും പേരു വിളിക്കാറില്ല. അതെ, തലമുറകളിലൂടെ മാത്രമേ ചില മാറ്റങ്ങൾ സാധ്യമാവൂ.

കല്യാണപ്പന്തലുകളിൽ, അടുക്കളയുടെ പിന്നിൽ, പാത്രം കഴുകുന്നവരുടെ കൂട്ടത്തിൽ കാരിയേട്ടനുണ്ടാകും. ഇപ്പോഴുമുണ്ട്. അവിടെയുള്ള മിക്കവരും അദ്ദേഹത്തെ നിരന്തരം കളിയാക്കുന്നതു കണ്ടു. എനിക്ക് ഉള്ളിൽ പ്രതിഷേധം തോന്നാറുണ്ട്. പക്ഷേ കാരിയേട്ടൻ തന്നെ കളിയാക്കുന്നവരുടെ കൂടെ കൂടി ചിരിക്കും. അതും തുറന്ന നിഷ്കളങ്കമായ ചിരി. കണ്ണുകൾ വിടർന്ന്, പല്ലുകൾ കാണിച്ചുള്ള ചിരി. കളിയാക്കുന്നവർ ചിരിക്കുന്നതു പോലെ വേറെ ഭാവങ്ങൾ ആ ചിരിക്കൊരിക്കലും കണ്ടിട്ടില്ല. കാരിയേട്ടൻ തന്നെ പറഞ്ഞ് ചിരിക്കാറുണ്ട് അദ്ദേഹം ചെയ്തിട്ടുള്ള അബദ്ധങ്ങൾ.

“ഞാൻ ചെയ്തതു തന്നെയാണ്, അതു പറയാൻ എനിക്കൊരു കൊറച്ചിലുമില്ല ചിക്കേ....” എന്നു പറഞ്ഞ് ഒരു വലിയ രാഷ്ട്രീയപാഠം എനിക്ക് പറഞ്ഞുതന്നത് കാരിയേട്ടനാണ്.

ഒരു തലമുറയുടെ മുഴുവൻ വെയില് കൊണ്ട് കറുത്ത ആ മുഖം, ചായയും പുകയും തട്ടി കറ പിടിച്ച ആ പല്ലുകൾ, അറിയാതെ കുനിഞ്ഞുപോയ മുതുകെല്ല്.. ഇതെല്ലാം ഉള്ള കാരിയേട്ടൻമാരെ ഞാൻ പല ഇടങ്ങളിൽ കണ്ടിട്ടുണ്ട്. അവർക്കെല്ലാം കാരിയേട്ടനുള്ള എല്ലാ ഗുണങ്ങളും ഉണ്ടായിരുന്നു. ഇപ്രാവശ്യം ബംഗാളിൽ നിന്ന് സ്ലീപ്പർ ക്ലാസിൽ നാട്ടിൽ പോകുമ്പോൾ എന്റെ തൊട്ടടുത്ത ബർത്തിൽ കാരിയേട്ടൻ ഉണ്ടായിരുന്നു. കേറിയപ്പോൾ തന്നെ എനിക്ക് മനസ്സിലായി കാരിയേട്ടനെ. ബർത്തിന് മുകളിലേക്ക് കാൽ കയറ്റിവെച്ച്, പിന്നിലേക്ക് ചാരാൻ മടിച്ച്, എല്ലാവരുടെയും മുഖത്തേക്ക് ഒരേ ഭാവത്തോടെ നോക്കുന്നുണ്ടായിരുന്നു അദ്ദേഹം. ഞാൻ ഇവിടെ ഇരിക്കേണ്ടവൻ അല്ല എന്ന ഭാവം ആ മുഖത്ത് ഉണ്ടായിരുന്നു. ആരെങ്കിലും ഇപ്പോൾ മാറി നില്ത്തിരിക്കാൻ പറഞ്ഞാൽ അദ്ദേഹം അത് ചെയ്യും. എനിക്ക് മനസ്സിലാകാത്ത ചെറിയ ബംഗാളി തമാശകളിൽ, കൂട്ടത്തിൽ ഏറ്റവും ഉള്ളുതുറന്നു ചിരിച്ചത് ഇദ്ദേഹമായിരുന്നു.

പക്ഷേ തലമുറകളിലൂടെ മാറ്റങ്ങൾ സംഭവിക്കും. അദ്ദേഹത്തിന്റെ കൂടെയുള്ള ചെറുപ്പക്കാർ മുഴുവനും തങ്ങളുടെ ഇടങ്ങളിൽ നിറഞ്ഞ് ഇരിക്കുകയായിരുന്നു. അങ്ങേ സീറ്റില് ഇരിക്കുന്ന ആളുടെ റിംഗ് ടോൺ ഒരു പാട്ടായിരുന്നു. അത് പ്ലേ ചെയ്തപ്പോഴേക്ക് ഇവിടുന്ന്ഈ ചെറുപ്പക്കാരൻ പറഞ്ഞു, “അരെ ഭായ് ഹെഡ്ഫോൺ മേ സുനോ”. എനിക്കാ വാക്കുകളെ മനസ്സിലായി. ഞാൻ ചിരിച്ചു. ഭുവനേശ്വറിൽ നിന്ന് കേറാനുള്ള ആൾക്ക് വേണ്ടി ലോവർ ബർത്ത് ഒഴിഞ്ഞു കിടക്കുകയായിരുന്നു. ഇപ്പുറത്തുള്ള ലോവർ ബർത്ത് എന്റെയായിരുന്നു. ട്രെയിൻ നിയമങ്ങൾ അറിയാത്ത കാരിയേട്ടൻ മിഡിൽ ബർത്ത് നിവർത്താതെ ലോവർ ബർത്തിൽ തന്നെ കിടന്നു.

ഞാൻ വെറുതെ അദ്ദേഹത്തെ നോക്കി.... ചിരിച്ചു. ഭുവനേശ്വറിൽ വണ്ടി നിർത്തിയപ്പോൾ ഞാൻ ഉണർന്നു. പുതിയ കാലത്തെ വേഷങ്ങളുമായി സീറ്റ് നമ്പർ നോക്കി വന്നവൻ ചുമരിൽ തട്ടി കാരിയേട്ടനെ ഉണർത്തി. പുതച്ചിരുന്ന കനം കുറഞ്ഞ തുണിയെടുത്ത് അദ്ദേഹം മാറിനിന്നു, എന്ത് ചെയ്യണം എന്നറിയാതെ.

അവർ രണ്ടുപേരും മിഡിൽ ബാർത്ത് നിവർത്തി. അടിയില് പുതിയതായി കയറിയ ആൾ കിടന്ന ശേഷമാണ് കാരിയേട്ടൻ മിഡിൽ ബർത്തിലേക്ക് കയറി കിടന്നത്.


കല്യാണ വീടുകളിലെ അടുക്കളപ്പുറത്തു ഞാൻ കണ്ടിട്ടുള്ളത് ഇദ്ദേഹത്തെ തന്നെയാണ്. ദുർഗ്ഗാപൂരിൽ ഞാൻ താമസിക്കുന്ന സ്ട്രീറ്റിലെ ചിരിക്കാൻ പേടിക്കുന്ന പുരിക്കാരനും ഇദ്ദേഹം തന്നെയല്ലേ..? ഡൽഹിയിലെ ജുമാ മസ്ജിദിനു പിന്നിലെ തെരുവിൽ നിന്ന് ഞങ്ങളെ റിക്ഷയിൽ റെഡ് ഫോർട്ടിലേക്ക് ആക്കിതന്നതും...?

അതെ, ഒരേ ആൾ തന്നെ. അല്ലെങ്കിൽ ഒരേ ആൾക്കാർ തന്നെ. ഒരേ ഭാവങ്ങൾ, ഒരേ സ്വരം, ഒരേ ചിരികൾ. സത്യത്തിൽ ഈ ലോകത്ത് വളരെ കുറച്ച് ആളുകളേ ഉള്ളൂ. പല സ്ഥലങ്ങളിൽ പല കാലത്ത് നാം വീണ്ടും വീണ്ടും കാണുന്നത് ഒരേ ആളുകളെ തന്നെയാണ്.

*ലേഖകനെ വിളിക്കാം. ഫോൺ: 8129956211*

# മനുഷ്യരുടെ മുഖമുള്ള മരങ്ങൾ

ഹാരിസ് നെൻമേനി



കണ്ടുമുട്ടുമ്പോഴെല്ലാം ഒരു പൂ തന്ന് സ്നേഹം കാണിക്കുന്ന ഒരു പെൺകുട്ടിയെ എനിക്ക് പരിചയമുണ്ടായിരുന്നു. മുമ്പു ഞാൻ ജോലി ചെയ്തിരുന്ന സ്ഥാപനത്തിനടുത്തു പ്രവർത്തിച്ചിരുന്ന ഒരു പ്രസ്സിലെ റിസപ്ഷനിസ്റ്റായിരുന്നു അവൾ. ശാരീരികമായി ഒരുപാട് പരിമിതികളും അവശതകളും അനുഭവിച്ചിരുന്ന അവൾ പക്ഷേ അതൊന്നും പുറത്തുകാണിക്കാതെ ഒരു ഫ്രണ്ട് ഓഫീസ് ജീവനക്കാരിക്ക് ചേരും വിധം തിളങ്ങുന്ന മുഖത്തോടെയാണ് ഏവരോടും ഇടപെട്ടിരുന്നത്.

രാജമല്ലി, വേലിവാക, എൽസി എന്നിങ്ങനെ പല ഭാഗത്തും പല പേരുകളിൽ അറിയപ്പെട്ടിരുന്ന ഒരേ ഇനം പൂക്കൾ തന്നെയാണവൾ എന്നും ഞങ്ങൾക്ക് സമ്മാനിച്ചിരുന്നത്. മഞ്ഞ, വയലറ്റ്, ചുവപ്പ് എന്നിങ്ങനെയുള്ള നിറഭേദങ്ങളിൽ. ഞങ്ങളിൽ ചിലരെങ്കിലും അത് മേശമേൽ സൂക്ഷിക്കുകയും ദിവസാന്ത്യത്തിൽ ചവറ്റ് കൊട്ടയിലിടുകയും ചെയ്തുപോന്നു. ഞാനത് സൂക്ഷിച്ചിരുന്നത് വിലാസിനിയുടെ 'അവകാശി' കളുടെ ഒന്നാം ഭാഗത്തിനകത്തായിരുന്നു.താളുകളേറെയുള്ള ആ പുസ്തകം പോകെപ്പോകെ ഹെർബേറിയമായി മാറി.

രാജമല്ലി മുമ്പും പലയിടത്തും പൂത്തു നിൽക്കുന്നത് കണ്ടിട്ടുണ്ട്. ഞാൻ ആ ചെടി പക്ഷേ ശ്രദ്ധിച്ചിട്ടുണ്ടായിരുന്നില്ല ഒരിക്കലും. ഈ പെൺകുട്ടിയെ പരിചയപ്പെട്ട ശേഷം ഞാനതിനെ സവിശേഷമായ ഒരിഷ്ടത്തോടെ ശ്രദ്ധിക്കാൻ തുടങ്ങി. തരംകിട്ടിയപ്പോഴെല്ലാം അതിന്റെ കരിയിലക്കളറുള്ള നീളൻ വിത്തുകൾ ശേഖരിച്ചു വീട്ടുവളപ്പിലും വേലിക്കലും പാകി നോക്കി. പക്ഷേ ഒരിക്കലും അത് കിളുത്തില്ല.

ഞങ്ങളെയെല്ലാം നടുക്കിക്കൊണ്ട് പൊടുന്നനെയാണ് ആ പെൺകുട്ടി മാഞ്ഞുപോയത്. ഒരു പൂവിരിഞ്ഞു കൊഴിയുംപോലൊരു മരണം. ഏറെ നാളായി പേറുന്ന ഒരുപാട് അസ്വാസ്ഥ്യങ്ങളിലൊന്ന് അവളുടെ പ്രാണനെടുത്തു. ഒരു ക്രിസ്തീയ സഭയുടെ സംരക്ഷണാലയത്തിലായിരുന്നു അവൾ താമസിച്ചുവന്നിരുന്നത്.വീടോ ഉറ്റവരോ ഇല്ലാത്ത തികച്ചും ഒരനാഥ. മൃതദേഹം പൊതുദർശനത്തിനു വെച്ചിരുന്നതും അവിടെ തന്നെയായിരുന്നു.

ആ സ്ഥാപനത്തിന്റെ നാലു ഭാഗത്തെയും സ്നേഹമതിൽ പല വർണ്ണങ്ങളുമുള്ള രാജമല്ലി പൂക്കളായിരുന്നു! അവിടെ നിന്നായിരുന്നു അവൾ ഞങ്ങൾക്ക് പൂക്കളിറുത്ത് കൊണ്ടുവന്ന് സമ്മാനിച്ചിരുന്നത്.

അവളെ അവസാനമായി കണ്ടു മടങ്ങുമ്പോൾ കാറ്റത്തുലഞ്ഞു നിന്നിരുന്ന ചെടിച്ചോട്ടിൽ നിന്ന് ഞാൻ ഏതാനും വിത്തുകൾ ശേഖരിച്ചു. പിന്നെ പുതുമഴ വീണ് മണ്ണ് കുതിർന്നപ്പോൾ, പ്രതീക്ഷയില്ലാതെയെങ്കിലും അത് നട്ടുവെച്ചു. അതിശയം. അവളുണ്ടായിരുന്ന കാലമത്രയും മുളക്കാൻ കൂട്ടാക്കാതിരുന്ന ആ വിത്തുകൾ അവളുടെ മരണശേഷം നാമ്പെടുത്തിരിക്കുന്നു! ഒന്നുപോലും പാഴാ

**ലിറ്റിൽ മാസിക പ്രസിദ്ധീകരിച്ച *മറ്റമ്മയുടെ ലോകം***

**കോപ്പികൾക്ക് എം.ഒ. 50 രൂപ അയക്കുക.**

**വിലാസം: ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ.**



യില്ല തന്നെ. അവ വളർന്നു.... തളിർത്തു. പൂത്തു വിത്തു പൊഴിച്ചു. ഞാനും വീടുമാറിയെങ്കിലും എന്റെ തറവാടു വീടിന്റെ വേലി ഇപ്പോഴും രാജമല്ലികൾ തന്നെയാണ്.

ചെന്നിറമാർന്ന ആ പൂക്കൾ വെയിലു കൂസാതെ ചിരിച്ചു നിൽക്കുമ്പോൾ ഞാൻ ദുർബല ഗാത്രിയായ പെൺകുട്ടിയെ ഓർത്തുപോവാറുണ്ട്. അവൾ ജീവിച്ചിരുന്ന കാലമത്രയും എന്തേ അത് മുളച്ചില്ല എന്ന ഖിന്നതയോടെ.

ചിലപ്പോൾ ചെടികളും പാലിക്കുന്നുണ്ടാവും നമുക്കു മനസ്സിലാക്കിയെടുക്കാനാവാത്ത എന്തെങ്കിലും കാവ്യ നീതി!


ഒരൽപ്പം ഭാവന കൂടി പ്രയോഗിച്ചാൽ ഭേദപ്പെട്ടൊരു കഥയാക്കാമായിരുന്ന ഈയനുഭവം ഇപ്പോൾ വീണ്ടുമോർമ്മയിലേക്ക് കൊണ്ടുവന്നത് ലിറ്റിൽ മാസികയിൽ ഈയിടെ പ്രസിദ്ധീകരിച്ച് പൂർത്തീകരിച്ച അബ്ദുള്ളക്കുട്ടി എടവണ്ണയുടെ 'മഴ തോർന്നിട്ടും മരം പെയ്യുമ്പോൾ' എന്ന ഓർമ്മക്കുറിപ്പുകളാണ്. പലപ്പോഴും അതങ്ങനെയാണ്. ഒരു പുസ്തകം, ഒരു കവിത, ഒരു വാചകം, സൂചകം, ഓർമ്മകളെ അങ്ങുമിങ്ങും കൊണ്ട് ചെന്നാക്കുന്ന പാലമാവും.

പ്രിയപ്പെട്ട സമ്മാനങ്ങൾ കാണുമ്പോൾ അത് നൽകിയവരെ ഓർമ്മ വരുന്നത് സ്വാഭാവികമാണ്. എനിക്ക് ചെടികളും വൃക്ഷങ്ങളും കൂടി അങ്ങനെയുള്ളൊരു ഓർമ്മയാണ്. പോയ വേനലറുതിയിൽ സ്വന്തമായുള്ള പത്തേമുക്കൽ സെന്റ് സ്ഥലത്തെ ചെടിത്തരങ്ങൾ ഞാനും ഭാര്യയും കൂടി എണ്ണിനോക്കി. മുമ്പ് പഠിച്ച ജൈവവൈവിധ്യ ഭൂപടം എന്ന സങ്കേതം ഉപയോഗിച്ച് 57 വ്യത്യസ്ത ഇനങ്ങൾ. തറവാട്ടുവീട്ടിൽ നിന്ന് കൊണ്ടുനട്ട നേന്ത്രവാഴ, എളേമ്മ തന്ന ചീരത്തൈകൾ, വിജേഷിന്റെ വീട്ടിൽ നിന്ന് കൊണ്ടുവന്ന തക്കാളി, രജനിയും കുടുംബവും വീട്ടിൽ വന്നപ്പോൾ നട്ട ഒട്ടുമാവ്, മക്കൾ നട്ട് മത്സരബുദ്ധിയോടെ വെള്ളവും വളവും നൽകുന്ന റമ്പൂട്ടാൻ, ഷാനിയും ഷുക്കൂറും തന്ന സപ്പോട്ടകൾ എന്നിങ്ങനെ ഓരോന്നും ഓർമ്മകളാണ്. അവ നട്ട ദിവസങ്ങളുടെ, സാഹചര്യങ്ങളുടെ, മനുഷ്യരുടെ ഓർമ്മകൾ...

സൗഹൃദത്തിന്റെ സ്മരണയ്ക്കായി പുരയിടത്തിന്റെ ഒരു ഭാഗം കാവാക്കി മാറ്റിയ കുറച്ചു കൂട്ടുകാരെ പരിചയപ്പെടാനിടയായത് ഓർക്കുന്നു. കണ്ണൂരിന്റെ കിഴക്കൻ ഭാഗങ്ങളിൽ സകുടുംബം താമസിക്കുന്നവർ. റബ്ബറും കശുമാവും വളരുന്ന കുറേയെറെ സ്ഥലം എല്ലാവർക്കും സ്വന്തമായുണ്ട്. അതിലെ 5 സെന്റ് സ്ഥലം വീതം ഓരോരുത്തരും കാവാക്കി മാറ്റാൻ തീരുമാനിച്ചു. വെവ്വേറെ കാവുകൾ. കാട്ടുമരങ്ങളുടെയും വടവൃക്ഷങ്ങളുടെയും പടുമരങ്ങളുടെയുമെല്ലാം വിത്തുകളും തൈകളും എല്ലാവരും ചേർന്ന് സംഘടിപ്പിച്ചു. പിന്നെ കൂട്ടായി വിവിധ പറമ്പുകളിൽ നട്ടുവെച്ചു. കുറച്ചുകാലം പരിചരിച്ചു. പിന്നെ ആ വഴിക്ക് തിരിഞ്ഞുനോക്കിയില്ല. മരങ്ങളെ തോന്നുംപടി വളരാൻ വിട്ടു. എല്ലാവരുടെയും പറമ്പിന്റെ ഒരു ഭാഗം ഇപ്പോൾ കാടും പടലും വളർന്ന് കാവായി, കാടായി കിടക്കുന്നു; വേരാഴമുള്ള ഒരു സൗഹൃദക്കൂട്ടത്തിന്റെ സാക്ഷ്യമായി.

അങ്ങനെ എന്തെന്ത് ഓർമ്മകൾ, അനുഭവങ്ങൾ. ചെടികളെയും മരങ്ങളെയും മനുഷ്യരെയും ബന്ധപ്പെടുന്നവ. അതെ മനുഷ്യരുടെ മുഖമുള്ള മരങ്ങളുടെ ഓർമ്മകൾ!

*ലേഖകനെ വിളിക്കാം: ഫോൺ:9447546040*



## ലിറ്റിൽ ഡ്രോപ്സ്



### *വലുപ്പം*

തിന്നുകഴിഞ്ഞ മാങ്ങയുടെ അണ്ടി ദൂരേയ്ക്ക് വലിച്ചെറിഞ്ഞപ്പോൾ വല്യപ്പൻ കൊച്ചുമകനെ വിലക്കി. മാങ്ങയണ്ടി അലക്ഷ്യമായി വലിച്ചെറിയുന്നതിന് പകരം ഒരു കുഴി കുത്തി അത് മണ്ണിലാക്കിയാൽ അതൊരു മരമായി അതിൽ നിന്നെത്ര മാങ്ങ പറിക്കാം. ഇതുപറഞ്ഞ് വല്യപ്പൻ പതുക്കെ ഇറങ്ങി കൊച്ചുമകൻ വലിച്ചറിഞ്ഞ മാങ്ങായണ്ടി എടുത്ത് ഒരു എടുത്ത് അതിൽ പാകി. എൺപതു വയസ് വല്യപ്പന് ഈ വിത്തുമുളച്ച് മരമായി കായ്കൾ ഉണ്ടായാൽ അതു പറിക്കാൻ ആയുസ്സുണ്ടാവുമോ? കൊച്ചുമകൻ ആലോചിച്ചു. തനിക്കൊരിക്കലും അതിന്റെ ഫലം അനുഭവിക്കാൻ കഴിയില്ല എന്നറിഞ്ഞുകൊണ്ടുതന്നെയാണ് വല്യപ്പൻ അതു ചെയ്തത്. വരും തലമുറയ്ക്ക് അനുഭവിക്കാൻ ഇന്നേ മുൻകൂട്ടി കാര്യങ്ങൾ ചെയ്യുന്ന ദീർഘവീക്ഷണം. ഒറ്റമുണ്ടും ധരിച്ച് തൂമ്പയും കൈകാലുകളും വൃത്തിയാക്കുന്ന വല്യപ്പൻ വലുപ്പം വെച്ച് ആകാശത്തോളം എത്തി നിൽക്കുന്നതായി കൊച്ചുമകന് തോന്നി.

### *ആനന്ദത്തിന്റെയും സങ്കടത്തിന്റെയും കുഞ്ഞുജീവിതം*

അതിവരാവിലെ ഉണർന്നുവരുമ്പോൾ, വലിച്ചുതുറക്കുന്ന കിഴക്കേ ജനാലയിലൂടെ തൊടുന്ന വെയിൽ. വെള്ളത്തിൽ വീണുപോയ ഉറുമ്പിനു നേരെ ചെല്ലുന്ന കൈവിരൽ. നടക്കുമ്പോൾ മരങ്ങൾക്കിടെ കാണും ആകാശത്തിന്റെ നീലനിറം. മുമ്പെന്നോ കേട്ടുമറന്ന ഒരു ചലച്ചിത്രഗാനത്തിന്റെ ഈരടികൾ. തീരെ വിചാരിക്കാതെ ഇന്നു കൈയിലെത്തിയ ഒരു കത്ത്. അതെഴുതിയ പഴയ കൂട്ടുകാരി. ബസ്സിൽ, സീറ്റൊഴിഞ്ഞുനൽകുമ്പോൾ ഒരു വൃദ്ധയുടെ തെളിഞ്ഞ മുഖം. വിലയേറിയ ആഹാരത്തിന് ബില്ലടക്കുന്നേരം വഴിയോരത്ത് ഒരു തെരുവുകുഞ്ഞ്. അപരിചിതനായ ഒരു മനുഷ്യനോടുള്ള പുഞ്ചിരി. ദൂരെയൊരിടത്തു പാർക്കുന്ന കുഞ്ഞനിയത്തിയുടെ കാതിലേക്കെത്തുന്ന ഒരു ഫോൺകോൾ. പനിക്കിടക്കയിൽ മകളുടെയൊപ്പം ഉറങ്ങാതെ നീങ്ങുന്ന ഒരു രാത്രി. നോട്ടുബുക്കിൽ കുത്തിവരക്കുന്ന ഒരു ചിത്രം. ഒരു സിനിമയുടെയൊടുവിൽ അറിയാതെ നനഞ്ഞ കണ്ണുകൾ. നിലത്തുനിന്നും കിട്ടിയ ഒരു കിളിത്തൂവൽ. ചെറിയ സങ്കടങ്ങളുടെയും ചെറിയ ആനന്ദങ്ങളുടെയും സമാഹാരമാണ് ജീവിതം, അല്ലേ?



## ജിദ്ദു കൃഷ്ണമൂർത്തി

ഒന്നുമല്ലാതാകുന്നതിനെ നാമെല്ലാം ഭയപ്പെടുന്നു; നമുക്കെല്ലാവർക്കും എന്തെങ്കിലുമായിത്തീരണമെന്നുണ്ട്. ചെറിയ മനുഷ്യന് വലിയ മനുഷ്യനാവണം; അധാർമ്മികന് ധാർമ്മികനാവണം; ദുർബലനും അപ്രശസ്തനുമായവൻ ശക്തിക്കും പ്രശസ്തിക്കും അധികാരത്തിനും വേണ്ടി കൊതിക്കുന്നു. ഇതാണ് മനസ്സിന്റെ അനുസ്യൂതമായ പ്രവർത്തനം. അത്തരമൊരു മനസ്സിന് ഒരിക്കലും ശാന്തമായിരിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ അതിന് സർഗ്ഗാത്മകത എന്തെന്ന് മനസ്സിലാക്കാനും സാധ്യമല്ല.

നമുക്ക് ചുറ്റുമുള്ള ദുരിതങ്ങളും യുദ്ധങ്ങളും തൊഴിലില്ലായ്മയും പട്ടിണിയും വർഗ്ഗ വ്യത്യാസങ്ങളും കുഴപ്പങ്ങളും നിറഞ്ഞ ലോകത്തെ നന്നാക്കണമെങ്കിൽ നമ്മിൽ തന്നെ മാറ്റമുണ്ടാവണം. വിപ്ലവം നമ്മുടെ ഉള്ളിൽ തന്നെ ആരംഭിക്കണം.

# ഒരു സൈബർ പ്രണയകഥ

കെ.പി. റഷീദ്

അവൾ സാറാ മിൽനെ. ബ്രിട്ടീഷുകാരി. അവൻ ന്യൂസിലാൻഡുകാരൻ. പേര് വില്യം സ്കോട്ട്ഷാൽമർ കലാകാരിയാണ് അവൾ. അവൻ ന്യൂസിലാൻഡിലെ ഒരു ബർഗർ കടയിലെ ജോലിക്കാരൻ. വില്യമിന്റെ നാട്ടിൽ യാദൃച്ഛികമായി എത്തിയതാണ് സാറാ. ബീച്ചിലിരിക്കെ, സുന്ദരനായ ഒരു ചെറുപ്പക്കാരൻ ഒരു പട്ടിയുമൊത്ത് ജോഗിംഗ് നടത്തുന്നത് അവൾ കാണുന്നു. അവനവളെ നോക്കി മനോഹരമായി പുഞ്ചിരിച്ചു. ഓടിയകന്നു. പൊടുന്നനെ അവൾ ആഗ്രഹിക്കുന്നു, അവനെ ഒന്നുകൂടി കാണണം. അത് പ്രഥമ ദർശനത്തിലുള്ള അനുരാഗം തന്നെയെന്നും അവൾ തിരിച്ചറിഞ്ഞു. എന്തുചെയ്യും? അവളൊരു മാർഗ്ഗം കണ്ടെത്തി. ബീച്ചിൽ, ആരും ശ്രദ്ധിക്കുന്ന രണ്ടു പോസ്റ്ററുകൾ മനോഹരമായ രേഖാചിത്രങ്ങളോടെ അവൾ പതിച്ചു. "ഇതു നീയാണോ? *(IS THIS YOU?)*" എന്നായിരുന്നു ഒന്നിന്റെ തലക്കെട്ട്. ഒപ്പം അവന്റെ ഒരു രേഖാചിത്രവും. "വെള്ളിയാഴ്ച ഞാനീ പുൽത്തകിടിയിൽ കടലു കണ്ടിരിക്കുകയായിരുന്നു. നീയിവിടെ പട്ടിയുമൊത്ത് കളിക്കുകയായിരുന്നു. ഞാൻ ഒരു കറുത്ത ടീഷർട്ട് ധരിച്ചിരുന്നു. നീണ്ട ബ്രൗൺ മുടിയുണ്ടായിരുന്നു. നിന്റെ തോളിൽ നക്ഷത്രങ്ങൾ പച്ചകുത്തിയിട്ടുണ്ടായിരുന്നു. നീ എന്റെ മുമ്പിലൂടെ ഓടിപ്പോയി. എന്നെ നോക്കി ചിരിച്ചു. എന്നോടൊപ്പം ഒരു നടത്തത്തിനോ

# Share Lima Campaign

## ലിറ്റിൽ മാസികയും പങ്കുവെക്കാം

കാണുന്നതും കേൾക്കുന്നതും ആലോചിക്കുന്നതുമെല്ലാം നമ്മൾ പരസ്പരം പങ്കുവെക്കുന്നുണ്ട്. വാട്സ്ആപ്പിലും ഫേസ്ബുക്കിലും ചിത്രമായും വീഡിയോ ആയും ഷെയർ ചെയ്യുന്നുണ്ട്. ഇനി മുതൽ ലിറ്റിൽ മാസികയും പങ്കിട്ടു നോക്കൂ. വായനയിൽ പ്രസക്തമെന്നു തോന്നുന്ന കുറിപ്പുകൾ, പേജുകൾ, ഒക്കെ ലോകത്തോടു സംവദിക്കട്ടെ. പുതിയ വായനക്കാരിലേക്ക് നമ്മുടെ ചെറുസൗഹൃദവും വളരട്ടെ

\- ലിമാ ടീം


ലിറ്റിൽ മാസിക
വരിസംഖ്യ

150 രൂപ

വാർഷിക വരിസംഖ്യ എം. ഒ. ആയും ബാങ്ക് മുഖേനയും അയക്കാം

അക്കൗണ്ട് നമ്പർ -
ബിജു ജോൺ 0867101067932
(കാനറ ബാങ്ക്
എടക്കര ശാഖ)
IFC code:CNRB0000857




*സാറാമിൽനെയുടെ പോസ്റ്റർ*

*കോഫി കുടിക്കാനോ ഡ്രിംഗ്സ് കഴിക്കാനോ നിനക്ക് താൽപര്യമുണ്ടോ? ഞാനിപ്പോൾ വെല്ലിങ് ടണിലാണ്. എന്റെ കപ്പൽ ചൊവ്വാഴ്ച വീണ്ടും വരും. അന്ന് ഉച്ചയ്ക്ക് ഒന്നര മുതൽ ഇതേ കടൽ തീരത്ത് പുൽത്തകിടിയിൽ കടലു നോക്കി ഞാനുണ്ടാവും. നിനക്ക് എന്നെ ഓർമ്മയുണ്ടോ? കാണണം എന്ന് ആഗ്രഹമുണ്ടോ? എങ്കിൽ ചിലപ്പോൾ, എന്റെ മുന്നിലൂടെ നീ ഒന്നുകൂടി ഓടിവരും!''*

അസാധാരണമായ ആ പോസ്റ്റർ പെട്ടെന്നു തന്നെ നഗരത്തിൽ ചർച്ചയായി. ആരൊക്കെയോ അതിന്റെ ഫോട്ടോകൾ ഓൺലൈനിൽ പോസ്റ്റു ചെയ്തു. അത് വ്യാപകമായി ഷെയർ ചെയ്യപ്പെട്ടു. ന്യൂസിലാൻഡിലെ മാധ്യമങ്ങളിൽ അവൻ ആരാണ് എന്നന്വേഷിച്ച് വലിയ വാർത്തകൾ വന്നു. അവസാനം അവനും വിവരമറിഞ്ഞു. അവൾ കാത്തിരിക്കുമെന്ന് പറഞ്ഞ അതേ ദിവസം, അതേ നേരം അവൻ ബീച്ചിലെത്തി. അവൾ അവിടെ ഉണ്ടായിരുന്നു. അവർക്കുചുറ്റും നൂറുകണക്കിന് ആളുകൾ, മാധ്യമങ്ങൾ, ക്യാമറകൾ. അവൻ ആരെന്ന് അറിയണം, അതിനായിരുന്നു എല്ലാവരുടെയും കാത്തിരിപ്പ്. ആകാംക്ഷ മുറിച്ച് കൈയിൽ ഒരു ഷാംപെയ്ൻ കുപ്പിയുമായി അവൻ എത്തി. അവൾക്കരികെ ചെന്നു സ്വയം പരിചയപ്പെടുത്തിയതും ക്യാമറക്കണ്ണുകൾ തുറന്നു. ആപ്രണയം ലോകമെങ്ങും വാർത്തയായി.

കടപ്പാട്: മാധ്യമം ആഴ്ചപ്പതിപ്പ്

*സാറാ മിൽനെയും വില്യമും*



## *പൂർണ്ണതയ്ക്കു വേണ്ടി*


വളരെ പ്രധാനപ്പെട്ട രേഖകളിലൊന്നാണ് അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനരേഖ. അതെഴുതിയപ്പോൾ എവിടെയോ ഒന്നുരണ്ടു വാക്കുകൾ വിട്ടുപോയി. അതിൽ ഒപ്പിടേണ്ട നേതാവ് വിട്ടുപോയ വാക്കുകൾ വരികൾക്കുള്ളിൽ യഥാസ്ഥാനം എഴുതിച്ചേർത്ത് പ്രശ്നം പരിഹരിച്ചു. ചരിത്രപ്രാധാന്യമുള്ള അമേരിക്കൻ സ്വാതന്ത്രരേഖയിൽ പോലും അപ്രതീക്ഷിതമായ ചില ചെറിയ തെറ്റുകൾ കടന്നുകൂടുകയും അതു തിരുത്തുകയും ചെയ്തുവെന്നിരിക്കെ നമ്മൾ എഴുതുന്ന ഏതു കടലാസിലും ഒരു പോരായ്മയും കണ്ടെത്താനാവാത്ത വിധം പരിപൂർണ്ണമായിരിക്കണമെന്ന പിടിവാശി ആർക്കെങ്കിലുമുണ്ടെങ്കിൽ അത് നേരം കളയാനും ടെൻഷൻ വർദ്ധിപ്പിക്കാനും മാത്രം സഹായിക്കുന്ന ഒരേർപ്പാടായേ കാണാനൊക്കൂ. എഫിഷ്യൻസിയും മേൻമയുമാണ് പ്രധാനം. പൂർണ്ണത എത്രയോ അകലെ. പൂർണ്ണതാരോഗം അഹന്തയുടെ (ഈഗോ) സന്താനമായ രോഗമാണെന്നറിയുക.-*സി. ജി. ശാന്തകുമാർ*

## *നമുക്കിത് വേണോ?*

വല്ലിൽ നിന്ന് ഭക്ഷ്യാവശിഷ്ടങ്ങൾ തോണ്ടി എടുക്കുന്ന ടൂത്ത്പിക്ക് വരുന്നത് മലേഷ്യയിൽ നിന്നാണ്. മലേഷ്യയിലെ നിത്യഹരിത വനങ്ങൾ ഇതിനായി വെട്ടിക്കൊണ്ടിരിക്കുന്നു. വനങ്ങൾ എണ്ണപ്പന തോട്ടങ്ങളായും മാറുന്നു. മലേഷ്യയിലെ കാടുകളിൽ മാത്രം അവശേഷിക്കുന്ന ഒറാങ് ഉട്ടാൻ മനുഷ്യക്കുരങ്ങും ആദിവാസികളും അനാഥമാകുകയാണ്. ആദിവാസികളെ ലോറികളിൽ കയറ്റി വിദൂരപ്രദേശങ്ങളിലേക്ക് തള്ളുകയാണ്. അവരെയെല്ലാം അനാഥരാക്കി വെട്ടിയ മരങ്ങളുടെ ചീളുകൾ കൊണ്ട് ഉണ്ടാക്കിയ ടൂത്ത്പിക്കുകൾ നിസ്സാരതയോടെ ഉപയോഗിക്കുമ്പോൾ ഒരു നിമിഷം ഓർക്കുക. നമ്മുടെ കയ്യിലുള്ള ഈ കുഞ്ഞു ടൂത്ത്പിക്കിൽ നിന്ന് നിശ്ശബ്ദമായ ഒരായിരം നിലവിളികൾ കേൾക്കുന്നില്ലേ?

## ഹാരിപോട്ടർ കാടു കാത്തത് എങ്ങനെ?

2007 ൽ ഹാരിപോട്ടർ കൃതികൾ 16 എഡിഷനുകളിലായ ആഗോളതലത്തിൽ പുറത്തിറക്കിയത് റീസൈക്കിൾഡ് കടലാസുപയോഗിച്ചായിരുന്നു. അതുവഴി 137609 BTU (ബ്രിട്ടീഷ് തെർമൽ യൂണിറ്റ്) വൈദ്യുതി ലാഭമുണ്ടായി. 7876 ടൺ കാർബൺഡയോക്സൈഡ് അന്തരീക്ഷത്തിലേക്ക് ബഹിർഗമനം ഒഴിവായി. 20404 മെട്രിക് ടൺ ജൈവ പാഴ്വസ്തുക്കൾ ഭൂമിയിൽ കുഴിച്ചിടുന്നതിനു പകരം കടലാസാക്കി മാറ്റിയപ്പോൾ 197685 മരങ്ങൾ മുറിക്കാതെ രക്ഷപ്പെട്ടു. സമ്പന്ന രാജ്യങ്ങളും സാമ്പത്തിക വിദഗ്ദ്ധരും വികസനത്തിന്റെ പേരിൽ വിഭവങ്ങൾ വൻതോതിൽ ചൂഷണം ചെയ്യുമ്പോൾ ഹാരിപോട്ടർ പ്രസിദ്ധീകരണം ഒരു ദിശാസൂചകം മാത്രമാണ്.
*(സൂചീമുഖി മാസിക)*




# നിശ്ശബ്ദവസന്തവും ചീവീടുകളുടെ വൃക്ഷവും

**എം.പി. പ്രതീഷ്**


യാത്രകളും ജോലികളുമെല്ലാമുപേക്ഷിച്ച ഞാൻ ഈ വേനലിനൊടുക്കം എന്റെ വീട്ടിലേക്കു തിരിച്ചുപോന്നത് അല്പം വിശ്രാന്തിക്കു വേണ്ടിയായിരുന്നു. കാലിലെ വിട്ടുമാറാത്ത വ്രണങ്ങളുടെ വേദനയ്ക്ക് അല്പം ശമനം തേടിയും. ഏകാന്തവും തണുത്തതുമായ എന്റെ മുറി, പകലെല്ലാം ഒറ്റപ്പെട്ട ഒരു തോണിയെന്നോണം അനങ്ങിക്കൊണ്ടിരുന്നു. ഞാൻ പതിയെ വായനയിലേക്ക് നടന്നു തുടങ്ങി, നടക്കാനാവില്ലെങ്കിലും. യാദൃശ്ചികതയുടെ ഒരടര് എപ്പോഴും എന്റെ വായനകളിലുണ്ടായിരുന്നു. കൈയിൽ വന്നിട്ടും വായിക്കാതെ നീക്കിവെച്ച പുസ്തകങ്ങൾ പിന്നീടൊരിക്കൽ, ചിലപ്പോൾ വർഷങ്ങൾതന്നെ കഴിഞ്ഞ്, വായിച്ചു തുടങ്ങുകയും അത് അതുവരെയുള്ള എന്റെ ജീവിതത്തെ മാറ്റിമറിക്കുകയും ചെയ്തിരുന്നു. അന്വേഷിച്ചലഞ്ഞ ചില എഴുത്തുകാർ, രചനകൾ ഒരു വളവിലോ തിരിവിലോ വെച്ച് കണ്ടുമുട്ടി. അതിനു തൊട്ടുപിന്നാലെ അയാളുടെ കൂടുതൽ കൂടുതൽ പുസ്തകങ്ങൾ. ഓർഹൻ പാമുക്കും, കസാൻസാക്കിസും പത്മരാജനും ആഷാമേനോനും എല്ലാം അക്കൂട്ടത്തിലുണ്ട്. റേച്ചൽ കാഴ്സന്റെ നിശ്ശബ്ദവസന്തം ഇപ്പോൾ എന്റെ മേശപ്പുറത്തെത്തിയതും അത്തരമൊരു യാദൃശ്ചികതയിലാണ്. ഒരു പുസ്തകശാലയിലെ പഴയ പുസ്തകങ്ങൾ വിലകുറച്ച് വിൽക്കുന്ന ഒരു മൂലയിൽ നിന്ന്, പൊടിപിടിച്ച നിലയിൽ, പാതിവിലയിൽ. കുട്ടിക്കാലത്തെന്നോ പഠിച്ചുമറന്ന ഒരു പേര്. അതായിരുന്നു 'Silent Spring'. വായിച്ചുതുടരുന്നത് നടുക്കുവെച്ചാണ്. 'മരണത്തിന്റെ നദികൾ' എന്നായിരുന്നു ആ അദ്ധ്യായത്തിന്റെ തലക്കെട്ട്. അനിവാര്യമായ ഒരു അനുഷ്ഠാന കർമ്മത്തിലൂടെ കടന്നുപോകുന്നതുപോലെ ഞാൻ ആ നദിക്കരയിലൂടെ നടന്നു. കണക്കുകളും സ്ഥിതിവിവര റിപ്പോർട്ടുകളും കവിതയും ലയിച്ചുകിടക്കുന്ന കാഴ്സന്റെ എഴുത്ത് എന്റെ മേൽ ആഴത്തിലുള്ള മുറിവുകളുണ്ടാക്കി. മണ്ണിന്റെ, ജീവജാലങ്ങളുടെ സഹജമായ ജൈവഭാഷയ്ക്കുമേൽ മനുഷ്യൻ തളിക്കുന്ന വിഷക്കോപ്പകൾ. ഒരു പ്രവചനമായിരുന്നില്ല ആ പുസ്തകം. 1962 ൽ ആദ്യമിറങ്ങുമ്പോഴേക്കും ലോകത്തിന്റെ മലമടക്കുകളും സമതലങ്ങളും നദീമുഖങ്ങളുമെല്ലാം തന്നെ വിഷത്തിന്റെ രുചി അറിഞ്ഞുകഴിഞ്ഞിരുന്നുവല്ലോ. നമ്മുടെ അന്നവും അറിവും ആനന്ദവും എല്ലാം വിഷഭരിതമായിത്തീരുമ്പോഴും അതിന്നപ്പുറം സാധ്യമായേക്കാവുന്ന ഹരിതജീവിതത്തെ കുറിച്ചുകൂടി നിശ്ശബ്ദവസന്തം പറയുന്നുണ്ടോ? വായനയ്ക്കിടയിൽ ഞാൻ ചെവിയോർക്കുമ്പോൾ വീടിനു പുറത്ത്, തൊടിയിൽ നിന്നുമുയരുന്ന ചീവീടുകളുടെ സിംഫണിയാണ്. നിശ്ശബ്ദതയുടെ ഭീതിതമാകുന്ന വനാന്തരങ്ങളെ കുറിച്ചാണ് ഞാൻ വായിച്ചത്. പക്ഷേ തൊടിയിൽ മുള്ളൻകയനി മരത്തിന്റെ ഉടലിൽ പറ്റിപ്പിടിച്ച് വളരുന്ന അനേകം ചീവീടുകൾ പ്രകാശം നിറഞ്ഞ ഒരു ലോകത്തെയാണ് വാഴ്ത്തുന്നത്. നിറമില്ലാത്ത ചിറകുകളും വലിയ കണ്ണുകളുമായി വൃക്ഷശിഖരങ്ങളിൽ പതിഞ്ഞിരുന്ന അവയുതിർക്കുന്ന ശബ്ദം ഒരേ സമയം ഭൂമിയുടെയും മനുഷ്യരുടെയും സ്വരമായി തീരുന്നു. ഓരോ തവണയും അതെന്നെ കാടുകളെ കുറിച്ച് ഓർമ്മിപ്പിക്കുന്നുണ്ട്. സമീപസ്ഥമായ വന്യതയുണ്ടാക്കുന്നു. രാസവിഷങ്ങളൊന്നും സ്പർശിക്കാത്ത ഞങ്ങളുടെ പുരയിടത്തിന്റെ ജൈവതയാവാം അവയുടെ അനന്തമായി തുടരുന്ന നാദങ്ങൾക്കു കാരണം. ആകുലമായൊരു മനസ്സോടെ, മനുഷ്യരുടേതു മാത്രമായ ലോകത്തിന്റെ ആധികളുടെ ഓർമ്മയിൽ, ഞാൻ റേച്ചൽ കാഴ്സന്റെ പുസ്തകം അടക്കുമ്പോഴേക്കും ചീവീടുകൾക്കൊപ്പം കരിയിലക്കുരുവികളുടെയും തവിട്ടുശലഭങ്ങളുടെയും പൂത്താങ്കീരികളുടെയും തുമ്പികളുടെയും ഓലേഞ്ഞാലിയുടെയും മരംകൊത്തിയുടെയും മിന്നാമിനുങ്ങുകളുടെയും ദൃശ്യവും അദൃശ്യവുമായ നിറങ്ങളും ശബ്ദങ്ങളും ആ വൃക്ഷത്തിന്റെ ചില്ലകളിൻമേൽ ചേക്കേറിക്കഴിഞ്ഞിരുന്നു.

---

# ഹരിതം

**ബോബി ജോസ് കപ്പൂച്ചിൻ**

*നെല്ലു വിതയ്ക്കുന്ന പാടത്തിൽ ചീര കളയാണ്. ചീര വിതച്ച പാടത്തിൽ നെല്ലുമതുപോലെ. വരമ്പത്തിരുന്ന് നിശ്ചയിച്ചെടുക്കേണ്ട ഒന്നല്ല കള. നമുക്കുപയോഗമില്ലാത്തതിനൊന്നും നിലനിൽക്കാനവകാശമില്ല എന്ന നരന്റെ ശാഠ്യത്തിൽ നിന്നാണ് ഭൂമിയുടെ പ്രതിസന്ധികളൊക്കെ ആരംഭിക്കുന്നത്. വൈവിധ്യങ്ങളെ ആദരിക്കാനല്ല, ഒഴിവാക്കാനാണ് പിന്നെ ശ്രമം. ഒരു പൂന്തോട്ടം രൂപപ്പെടുത്തുമ്പോൾ നമ്മളതാണ് ചെയ്യുന്നത്. പൂന്തോട്ടമല്ല, കാവുകൾ മതി നമുക്ക്. എല്ലാം ഒരുമിച്ചു വളരുന്ന, പാമ്പിനും പറവക്കും ഇടംകൊടുക്കുന്ന കാവ്.*



# സെൻ വഴികൾ

പത്മ

ഗൗതമബുദ്ധന്റെയും ലാവോത്സുവിന്റെയും പാതകൾ കൂടിച്ചേരുന്നിടത്താണ് സെൻ, അതിന്റെ നേർമ്മയുള്ള വഴി ആരംഭിക്കുന്നത്. മുൻകൂട്ടി ആലോചിച്ചുറപ്പിക്കപ്പെട്ട ഒരു ദർശനമോ, നിൽപ്പുതറയോ അതിനില്ല. സഹജമായ അറിവുകളും അനുഭവങ്ങളുമാണ് അതിനെ നയിക്കുന്നത്. ലക്ഷ്യസ്ഥാനമല്ല, നടന്നുതീർക്കുന്ന മാർഗ്ഗം തന്നെ അവിടെ പ്രധാനമാവുന്നു. സ്വാഭാവികതയും ജാഗ്രതയും സൂക്ഷ്മമായി പിന്തുടരുന്നു. ഉണർന്നിരിക്കുക എന്നതിന് ഏറെ ആഴമുള്ള ഒരു അർത്ഥം അവിടെ കൈവരുന്നു. ലളിതവും സുതാര്യവും അതേനേരം അഗാധവും ഒഴുക്കുള്ളതുമാണ് സെൻവഴികൾ. അത് ബാഹ്യമായ ആവരണങ്ങളേക്കാൾ അകത്തിനെ, ഉള്ളിനെ സ്പർശിക്കുകയാണ്. മറ്റൊരുവിധം, ഉള്ളുംപുറവും ഒന്നുതന്നെയാവുന്നു. മാർഗ്ഗവും ലക്ഷ്യവും ഒന്നുതന്നെയാവുന്നു.

സെൻ ഒരുതരം ആത്മീയതയാണ്. ദൈവമില്ലാതെയും നിലനിൽക്കുന്ന ഒന്ന്. അവബോധപരമായാണ് അതിനെ സ്വാശീകരിക്കുന്നത്. കൂടുതകൾ പൊളിക്കുന്നതിനാലാണ്, കുപ്പായങ്ങൾ ഊരിയെറിയുന്നതിലാണ് അതിന്റെ പൊരുൾ. തൊലികൾ നിരന്തരമായി ഉരിഞ്ഞുകളയുമ്പോൾ ഒടുവിൽ ചെന്നെത്തുന്ന വെളുത്ത ശൂന്യതയാണ്. അതുകൊണ്ടാണ് കിംകിഡുകിന്റെ സിനിമയിൽ മതിലുകളില്ലാതെയും ജലത്തിലേക്ക് തുറക്കുന്ന ഒരു കവാടം കാണുന്നത്. ധ്യാനഗുരു ഗൗതമബുദ്ധന്റെ പ്രതിമ കത്തിച്ച് തണുപ്പാറ്റുന്നത്. പൗരസ്ത്യലോകത്തിന്റെ മാത്രം ഉണർവ്വാണ് സെൻ. ജീവിതത്തെ അടുപ്പത്തോടെയും നിർമ്മലതയോടെയും നേരിടുന്ന കുറേ മനുഷ്യർ. ഒരൊഴുക്കുപോലെ, കാറ്റിലെ പായ്‌വഞ്ചി പോലെ കടന്നുപോവുന്ന ജന്മങ്ങൾ.

ബാഷോവിന്റെ ചെറുകവിതകൾ സെന്നിനെ ആശ്ലേഷിക്കുന്നവയാണ്. വീടുപേക്ഷിച്ച് ദീർഘദീർഘമായി യാത്ര ചെയ്യുന്ന അയാൾ വഴികളെക്കുറിച്ചുള്ള ഒരു വലിയ പുസ്തകമാണ്. കണ്ണീരിനെയും വിശപ്പിനെയും ഓർമ്മയെയും ഉന്മാദത്തെയും തണുപ്പിനെയും ആനന്ദത്തോടെ പുണരുവാൻ ബാഷോ ഉത്സുകനായി.

"മൂടിക്കെട്ടിയ മഴയിൽ
ഫ്യൂജി പർവ്വതത്തെ
കാണാനുള്ള പ്രയാസം പോലും
എത്ര ചേതോഹരം!"

ദു:ഖജനകമോ ആനന്ദഭരിതമോ ആകട്ടെ, ഓരോ അനുഭവത്തെയും മുഹൂർത്തത്തെയും നിരാകരിക്കുകയല്ല സ്വീകരിക്കുകയാണ് അയാൾ. തന്റെ കാലിലെ മുറിവുകളെയും മഴയിൽ കരയുന്ന കുരുവിയെയും മലകളിലെ മഞ്ഞുകാല പൂക്കളെയും ഒരേവിധം ഉൾക്കൊള്ളാനാവുകയാണ് സെൻമനസ്സ്. പ്രകൃതിലാവണ്യശാസ്ത്രത്തിന്റെ തന്നെ വേരുകൾ സെൻലോകത്തിലായിരിക്കണം. മറിച്ചുമാവാം. ഭൂമിയുടെ ഋതുസംക്രമണങ്ങളെ ആന്തരികമായ ചലനങ്ങളുമായി ചേർത്തുകാണുന്ന ലാവണ്യബോധമാണ് ഹരിതസൗന്ദര്യദർശനം (eco-aesthetics).

ഭൂമിയുടെ ആത്മീയത എന്നൊന്ന്. അത് ജീവന്റെ ആത്മീയത തന്നെയാണ്. പ്രകൃതിയുടെ താളം ഹൃദയതാളമായി പിടിച്ചെടുക്കാൻ കഴിയുക എത്ര അഗാധമാണ്. പ്രകൃതിയിൽ ലക്ഷ്യങ്ങളില്ല. ചാക്രികമായൊരു ചലനമേ, പ്രക്രിയയേ (process) ഉള്ളൂ. അസ്ഥിരവും അവ്യാഖ്യേയവുമാണ് അതിന്റെ ഭാഷ. സെൻ അയിരുകൾ ഉള്ളിലുള്ളയാൾക്കുമാത്രമേ പ്രകൃതിയുടെ അഗാധതയെ തെളിഞ്ഞുകിട്ടുകയുള്ളൂ. മസനോബു ഫുക്കുവോക്ക എന്ന മനുഷ്യൻ ഒരു സെൻഗുരുവായിരുന്നു. ജൈവകർഷകൻ എന്നതിന്റെ പരിമിതമായ അർത്ഥങ്ങളിൽ ഒരുങ്ങുകയില്ല ആ ഋഷി. ഉഴവാതെ വിതയ്ക്കുവാനും കലപ്പയും തൂമ്പയും കൈയിലെടുക്കുമ്പോൾ മണ്ണിനടിയിലെ പുഴുക്കളെയും മണ്ണിരകളെയും ഓർമ്മിക്കാനും തക്ക വിസ്തൃതി അദ്ദേഹത്തിനുണ്ടായിരുന്നു. പൂക്കുന്നതും കായ്ക്കുന്നതും സ്വപ്നം കാണാതെ തന്നെ ഒരു പഴവിത്ത് മണ്ണിലെറിഞ്ഞ്, വയൽക്കളത്തിൽ നിന്നും കയറിപ്പോവാൻ സാധാരണ മനുഷ്യനാവുമോ? പ്രകൃതിയുടെ ചലനനിയമങ്ങളെ, ജീവന്റെ അദൃശ്യകരങ്ങളെ ഒക്കെ സ്പർശിക്കാൻ ശ്രമിക്കുന്ന ഫുക്കുവോക്ക, തന്റെ കവിതകൾ മണ്ണിൽ തന്നെ എഴുതുകയായിരുന്നു. അങ്ങനെയാണ് അയാൾ ഒരു കർഷകൻ അല്ലാതാവുന്നത്. പ്രകൃതിസംരക്ഷണത്തിന്റെ പ്രാഥമിക പാഠങ്ങൾ മനസ്സിലുരുവിട്ടുകൊണ്ടല്ല അയാൾ വയൽക്കരയിൽ കഴിയുന്നത്. താൻ വിതയ്ക്കുന്ന വിത്തിന് ഓരോ ചെറുപ്രാണിയും കാവലും കരുതലുമാവുമെന്ന പ്രായോഗിക ചിന്തയല്ല അയാളെ നയിക്കുന്നത്. മിത്രക്കീടവും കളകളും ഒന്നും അയാളുടെ ലോകങ്ങളിലില്ല. അയാൾ പ്രകൃതിയെ-തന്നിലും പുറത്തുമുള്ള-നിരന്തരമായി നിരീക്ഷിക്കുന്നു. അതുമാത്രം ചെയ്യുന്നു. നിരീക്ഷണമാണ് ഒരു തരത്തിലുള്ള ഇടപെടൽ. വെറുതിയിരിക്കാനാവുക അത്ര എളുപ്പമല്ല. അതിന് പൂർണ്ണമായും വർത്തമാനകാലത്തിലാവേണ്ടതുണ്ട്. മുഴുകിച്ചേരേണ്ടതുണ്ട്. ശ്വാസത്തെ, വിചാരത്തെ, ചലനത്തെ, പരിസരത്തെ ഒക്കെയും ജാഗ്രതയോടെ കാണുന്ന, തിരിച്ചറിയുന്ന ധ്യാനത്തിന്റെ വേളയാണ് അയാൾക്ക് ഭൂമിയിലേത്.

ഓരോ പ്രവൃത്തിയിലും ഉണർവ്വുണ്ടാകുമ്പോൾ, ഊണിലും ഉറക്കത്തിലും വായനിലും ചുമ്മാതിരിപ്പിലും രോഗശയ്യയിലും രതിക്രിയയിലും വിനോദങ്ങളിലും ഒക്കെയും ഉണർന്നിരിക്കുമ്പോൾ സെന്നിന്റെ ഉൾവഴികൾ നാമറിഞ്ഞുതുടങ്ങുകയായി. അത് ഒരേസമയം അകത്തേക്കും പുറത്തേക്കുമുള്ളതാണ്. അല്ലെങ്കിൽ എങ്ങോട്ടുമുള്ളത്.

# ചില ചെറിയ വലിയ കാര്യങ്ങൾ

ലിറ്റിൽ മാസികയെ ലിറ്റിൽ മാഗസിൻ എന്ന് ചിലരെങ്കിലും വിളിക്കാറുണ്ട്. എന്നാൽ *ദ ലിറ്റിൽ മാഗസിൻ* എന്ന പേരിൽ ഡൽഹിയിൽ നിന്നും ഇറങ്ങുന്ന പ്രസിദ്ധീകരണത്തെ ലിറ്റിൽ മാസിക പല തവണ പരിചയപ്പെടുത്തിയിട്ടുണ്ട്. ലിറ്റിൽ മാസിക ചുങ്കത്തറ എന്ന ഗ്രാമത്തിൽ നിന്നും 1992 മുതലാണ് പ്രസിദ്ധീകരിച്ചു വരുന്നത്. പിന്നെയും ആറു വർഷങ്ങൾ കഴിഞ്ഞ് 1998 ൽ ഡൽഹിയിൽ നിന്നും ആരംഭിച്ച *ദ ലിറ്റിൽ മാഗസിനെ* അത് നിരന്തരം ഉയർത്തിപ്പിടിച്ച മഹത്തായ ലിറ്റിൽ മാഗസിൻ സംസ്കാരത്തിന്റെ പേരിലാണ് ലിറ്റിൽ മാസിക സദാ ശ്രദ്ധിക്കുന്നത്.കേവലം രൂപപരമായ ചെറുപ്പമല്ല മറിച്ച് നിലപാടാണ് ഒരു പ്രസിദ്ധീകരണത്തെ ലിറ്റിൽ മാഗസിൻ ആക്കുന്നത് എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടാണ് നൂറിൽപരം പേജുകളോടെ പ്രൊഫഷണൽ മികവോടെ മൂന്നു മാസത്തിലൊർക്കൽ *ദ ലിറ്റിൽ മാഗസിൻ* പ്രസിദ്ധീകരിക്കുന്നത്. **ഒലീവ് പബ്ലിക്കേഷൻ കോഴിക്കോട്ട് സംഘടിപ്പിച്ച ബിബ്ലിയോ ലിറ്റററി ഫെസ്റ്റിൽ പങ്കെടുക്കാനെത്തിയ *ദ ലിറ്റിൽ മാഗസിൻ* എഡിറ്റർ അന്താര ദേവ് സെന്നുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്..**

**അന്താര ദേവ് സെൻ/നജൗമ ഉമർ**

**ദി ലിറ്റിൽ മാഗസിൻ പോലെ വേറിട്ടു നിൽക്കുന്ന ഒരു പ്രസിദ്ധീകരണം തുടങ്ങാനുണ്ടായ സാഹചര്യം?**

പുതിയതായി എന്തെങ്കിലും ചെയ്യണമെന്നുള്ളത് എന്റെ ഏറെക്കാലത്തെ ചിന്തയായിരുന്നു. അങ്ങനെ ഒന്ന് ചെയ്യാനുദ്ദേശിക്കുന്നെങ്കിൽ അത് എത്രയും പെട്ടെന്ന് വേണമെന്നും തോന്നി. അങ്ങനെയാണ് വിവിധ ഭാഷകളിലെ രചനകൾക്കും എഴുത്തു



*അന്താര ദേവ് സെൻ*

കാർക്കും ഒരുപോലെ അവസരം നൽകിക്കൊണ്ട് ദി ലിറ്റിൽ മാഗസിൻ എന്ന പ്രസിദ്ധീകരണം ഞങ്ങൾ ആരംഭിച്ചത്. ഓരോ ഭാഷയിലെയും രചനകൾ മറ്റുള്ളവർക്കു കൂടി ആസ്വദിക്കാൻ കഴിയണമെന്ന തിരിച്ചറിവിൽ നിന്നുമാണ് ഇങ്ങനെ ഒരു പ്രസിദ്ധീകരണം രൂപംകൊണ്ടത്.

**ഒരു മാധ്യമപ്രവർത്തക എന്നതിൽ നിന്നും ഒരു പ്രമുഖ പ്രസിദ്ധീകരണത്തിന്റെ സ്ഥാപക പത്രാധിപ എന്ന പദവിയിലെത്തി നിൽക്കുമ്പോൾ താങ്കൾക്ക് എന്തു തോന്നുന്നു?**

ഭാഗ്യവശാൽ ഒട്ടനേകം പ്രമുഖ പത്രമാധ്യമങ്ങളിൽ ജോലി ചെയ്യാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഹിന്ദുസ്ഥാൻ ടൈംസിൽ സീനിയർ എഡിറ്ററായിരുന്നു ഞാൻ. പക്ഷേ ദി ലിറ്റിൽ മാഗസിൻ എന്ന പ്രസിദ്ധീകരണമാരംഭിച്ചതോടെ എന്റെ ജീവിതരീതി ആകെ മാറി. എനിക്ക് കാര്യങ്ങൾ നോക്കാനായി ഒരു പി.എ യെ നിയമിക്കേണ്ടതായി വന്നു. മേശപ്പുറത്ത് രണ്ടുമൂന്ന് ഫോണുകൾ, കാര്യങ്ങൾ മുറിയിലിരുന്ന് ഫോണുകളിലൂടെ നിയന്ത്രിക്കുകയും മറ്റും ചെയ്യുന്ന തിരക്കുള്ള ഒരാളായി ഞാൻ മാറുകയായിരുന്നു. പക്ഷേ ആ തിരക്കുകളിൽ ഞാൻ സന്തോഷം കണ്ടെത്തിയിരുന്നു.

മുഖ്യധാരാ മാധ്യമങ്ങളിൽ നിന്നും മറ്റു പ്രസിദ്ധീകരണങ്ങളിൽ നിന്നും വേറിട്ടൊരു വായനാനുഭവമാണ് ദി ലിറ്റിൽ മാഗസിൻ നൽകുന്നത്. **അത്തരമൊരു സാഹചര്യത്തിൽ വായനക്കാരോട് എത്രത്തോളം കൂറ് പുലർത്താൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ട്?**

ഞങ്ങളുദ്ദേശിച്ചതുപോലെ തന്നെ വായനക്കാരോട് നീതി പുലർത്താൻ ഞങ്ങൾക്ക് ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. അത് എഴുത്തായാലും പരസ്യങ്ങളുടെ കാര്യത്തിലായാലും ഒരു നിലപാട് നിലനിർത്താൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് മറ്റു പ്രസിദ്ധീകരണങ്ങളിൽ എന്നപോലെ പരസ്യങ്ങൾക്ക് ഞങ്ങൾ പ്രാധാന്യം കൽപ്പിക്കാറില്ല. ഒരു പ്രസിദ്ധീകരണം നിലനിർത്താൻ പരസ്യങ്ങൾ ആവശ്യമായിരിക്കെ തന്നെ ഞങ്ങൾ അതിനെ പ്രോത്സാഹിപ്പിക്കാറില്ല.

**ദി ലിറ്റിൽ മാഗസിന്റെ ആരംഭം തന്നെ യാതൊരു തരത്തിലുമുള്ള പ്രചാരവും നൽകാതെയാണെന്ന് കേട്ടിട്ടുണ്ട്. എന്താണ് അങ്ങനെയൊരു ആശയത്തിലേക്ക് വഴിതെളിച്ചത്?**

ഞാൻ എന്ന വ്യക്തി ഇങ്ങനെ പ്രസിദ്ധീകരണം കൊണ്ടുവരുന്നുണ്ടെന്ന് ജനങ്ങളറിഞ്ഞാൽ അതിനെ വിലയിരുത്താൻ വേണ്ടി മാത്രം വായിച്ചുനോക്കുന്നവരുണ്ടാകും. അതെനിക്ക് ശരിയായ വായനക്കാരെ




സമ്പാദിച്ചു തരില്ല എന്നെനിക്കുറപ്പായിരുന്നു. വായനക്കാരെ സ്വാധീനിക്കുന്ന ഒരു കണ്ണി പോലും ഉണ്ടാവരുതെന്ന് എനിക്ക് നിർബന്ധമായിരുന്നു. അതെന്റെ ഉദ്ദേശശുദ്ധിയെ പ്രതികൂലമായി ബാധിക്കും. അതുകൊണ്ടാണ് പുതിയ ഒരു പ്രസിദ്ധീകരണം യാതൊരുവിധ പ്രചാരവുമില്ലാതെ തുടങ്ങണമെന്ന് ഞാനാഗ്രഹിച്ചത

ഞങ്ങളുദ്ദേശിച്ചതുപോലെതന്നെ വായനക്കാരോട് നീതി പുലർത്താൻ ഞങ്ങൾക്ക് ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. അത് എഴുത്തായാലും പരസ്യങ്ങളുടെ കാര്യത്തിലായാലും ഒരു നിലപാട് നിലനിർത്താൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ മറ്റു പ്രസിദ്ധീകരണങ്ങളിൽ എന്നപോലെ പരസ്യങ്ങൾക്ക് ഞങ്ങൾ പ്രാധാന്യം കൽപ്പിക്കാറില്ല. ഒരു പ്രസിദ്ധീകരണം നിലനിർത്താൻ പരസ്യങ്ങൾ ആവശ്യമായിരിക്കെ തന്നെ ഞങ്ങൾ അതിനെ പ്രോത്സാഹിപ്പിക്കാറില്ല.

**ദി ലിറ്റിൽ മാഗസിന്റെ ആരംഭം തന്നെ യാതൊരു തരത്തിലുമുള്ള പ്രചാരവും നൽകാതെയാണെന്ന് കേട്ടിട്ടുണ്ട്. എന്താണ് അങ്ങനെയൊരു ആശയത്തിലേക്ക് വഴി തെളിച്ചത്?**

ഞാൻ എന്ന വ്യക്തി ഇങ്ങനെ പ്രസിദ്ധീകരണം കൊണ്ടുവരുന്നുണ്ടെന്ന് ജനങ്ങളറിഞ്ഞാൽ അതിനെ വിലയിരുത്താൻ വേണ്ടി മാത്രം വായിച്ചുനോക്കുന്നവരുണ്ടാവും. അതെനിക്ക് ശരിയായ വായനക്കാരെ സമ്പാദിച്ചുതരില്ല എന്നെനിക്കുറപ്പായിരുന്നു. വായനക്കാരെ സ്വാധീനിക്കുന്ന ഒരു കണ്ണി പോലും ഉണ്ടാവരുതെന്ന് എനിക്ക് നിർബന്ധമായിരുന്നു. അതെന്റെ ഉദ്ദേശശുദ്ധിയെ പ്രതികൂലമായി ബാധിക്കും. അതുകൊണ്ടാണ് പുതിയ ഒരു പ്രസിദ്ധീകരണം യാതൊരുവിധ പ്രചാരവുമില്ലാതെ തുടങ്ങണമെന്ന് ഞാനാഗ്രഹിച്ചത്.

**അത്തരമൊരു സാഹചര്യത്തിൽ ഈ പ്രസിദ്ധീകരണം എങ്ങനെയാണ് ജനങ്ങളിലേക്കെത്തിക്കാൻ കഴിഞ്ഞത്. അതിനുവേണ്ടി നിങ്ങൾ കണ്ടെത്തിയ മാർഗ്ഗമെന്തായിരുന്നു?**

ഞങ്ങളുടെ സ്വന്തം സമ്പാദ്യത്തിൽ നിന്നാണ് ഇങ്ങനെ ഒരു സംരംഭത്തിന് തുടക്കം കുറിച്ചത്. എന്നോടൊപ്പം എന്റെ ഭർത്താവ് പ്രതിക് കാഞ്ചിലാലും എല്ലാ കാര്യത്തിനുമുണ്ടായിരുന്നു. ആദ്യപതിപ്പായി 3,000 കോപ്പികൾ അച്ചടിച്ചിരുന്നു. അത് എന്റെ ഫ്ളാറ്റിൽ കൊണ്ടുവെച്ചതുകൊണ്ട് ഞങ്ങൾക്ക് നിന്നു തിരിയാൻ തന്നെ സ്ഥലമില്ലാതായി. എങ്ങനെ വിപണനം കണ്ടെത്തും എന്നത് ഒരാശങ്ക തന്നെയായി മാറി. ഒന്നുരണ്ട് പുസ്തക കടകളിൽ ഞാൻ വിളിച്ചു പറഞ്ഞു. അവരുടെയൊക്കെ പ്രതികരണത്തിൽ എനിക്ക് ദേഷ്യം തോന്നി. ഒരമ്മയോട് തന്റെ കുഞ്ഞിനെ കുറിച്ച് എല്ലാം പറയൂ. എന്നിട്ടെന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് നോക്കട്ടെ എന്ന നിലപാടായിരുന്നു അവർക്ക്. അതും കൂടെയായപ്പോൾ ഇനി എന്തു ചെയ്യണമെന്നായിരുന്നു എന്റെ ചിന്ത. അങ്ങനെയിരിക്കെയാണ് എന്റെ ഒരു യുവസുഹൃത്ത് 20 കോപ്പി മാഗസിൻ നാലഞ്ച് കടകളിൽ കൊണ്ടുപോയി കൊടുത്തത്. കൂടെ എന്റെ ഫോൺ നമ്പറും കൊടുത്തു. അടുത്ത ദിവസം തൊട്ട് കൂടുതൽ കോപ്പികൾ ആവശ്യപ്പെട്ടുകൊണ്ട് പുസ്തക വിതരണക്കാരിൽ നിന്നും വിളികൾ വന്നുകൊണ്ടേയിരുന്നു. അങ്ങനെ ഒരു പുസ്തക കടയിൽ നിന്നും മറ്റൊന്നിലേക്കും ഒരു വായനക്കാരനിൽ നിന്ന് മറ്റൊരു വായനക്കാരനിലേക്കും പ്രചാരം തുടങ്ങി. അതുതന്നെയായിരുന്നു ഞങ്ങളാഗ്രഹിച്ചതും. അതുകൊണ്ട് വായനയെ ഏറെ ഗൗരവത്തോടെ കാണുന്ന വായനക്കാരെ ഞങ്ങൾക്കു ലഭിച്ചു.

*(കടപ്പാട് ഒലീവ്, കോഴിക്കോട്)*

***മറ്റു പ്രസിദ്ധീകരണങ്ങളിൽ എന്നപോലെ പരസ്യങ്ങൾക്ക് ഞങ്ങൾ പ്രാധാന്യം കൽപ്പിക്കാറില്ല. ഒരു പ്രസിദ്ധീകരണം നിലനിർത്താൻ പരസ്യങ്ങൾ ആവശ്യമായിരിക്കെ തന്നെ ഞങ്ങൾ അതിനെ പ്രോത്സാഹിപ്പിക്കാറില്ല....***

**മീഡിയാ കോർണർ**

## ഉൾക്കാഴ്ചയുടെ പ്രസിദ്ധീകരണം

കാഴ്ചശക്തിയില്ലാത്തവർക്കായി ഇന്ത്യയിലെ ആദ്യത്തെ ഇംഗ്ലീഷിലുള്ള ബ്രെയിലി മാസിക വൈറ്റ് പ്രിന്റ് മുംബൈയിൽ നിന്ന് പ്രസിദ്ധീകരണം രണ്ട് വർഷം കൊണ്ട് പൂർത്തിയാക്കുന്നു. 64 പേജിൽ സാമ്പത്തികമായി സ്വതന്ത്രമായ പ്രസിദ്ധീകരണം ആരംഭിച്ചിരിക്കുന്നത് ഇരുപത്തിയാറുകാരിയായ ഉപാസനാ മഗതിയാണ്. ചെറിയ ചെറിയ ബുള്ളറ്റിനുകൾ ഉള്ളതൊഴിച്ചാൽ അച്ചടിച്ച കാര്യമായ പ്രസിദ്ധീകരണം ഇന്ത്യയിലുണ്ടായിട്ടില്ല. മാസികയുടെ ഒരു പ്രതിക്ക് 30 രൂപയും വാർഷിക വരിസംഖ്യ 300 രൂപയുമാണ്. കേൾക്കാവുന്ന ഓഡിയോ വായനാ സൗകര്യങ്ങളും മറ്റും വെബ് തലത്തിലും അല്ലാതെയും ഉണ്ടെങ്കിലും ബ്രെയിലി ലിപിയിൽ വായിക്കാൻ കിട്ടുന്ന സ്വാതന്ത്ര്യം ഉൾക്കാഴ്ചയുടെ കരുത്തിൽ ജീവിക്കുന്നവർക്ക് സന്തോഷകരം തന്നെയാണ്.

*ഉപാസനാ മഗതി*



രണ്ടാംപതിപ്പിറങ്ങി

## റിയാന്റെ കിണർ


### അബ്ദുള്ളക്കുട്ടി എടവണ്ണ

ഒരു കൊച്ചുബാലൻ ഉത്കടമായ

ഇച്ഛാശക്തികൊണ്ടും
മനസ്സിൽ വളർത്തിയെടുക്കുകയും
ഇന്നും സജീവമായി
നിലനിൽക്കുകയും ചെയ്യുന്ന
ഒരു മഹാപ്രസ്ഥാനത്തിന്റെ
വിജയകഥയാണിത്.

ജലത്തിനായി ഒറ്റയ്ക്കു
പോരാടിയ ഒരു കുട്ടിയുടെ
അസാധാരണ ജീവിതകഥ.

പ്രസാധകർ: മാതൃഭൂമി ബുക്സ്
വില: 50 രൂപ







Prepare to do small things...
subscribe to Little Masika


Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at A- One offset, Ramanattukara for Co-Operative Press Chungatharap679334